[illegible]

8951

# പുളകാങ്കുരം.

ഗ്രന്ഥകർത്താ:

നാലപ്പാട്ട് നാരായണമേനോൻ.

1421

പ്രസാധകൻ:

സി. പി. ഗോവിന്ദൻനായർ, ബി. എ; എൽ. റ്റി.

1103

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

വില 10-ണ.

PEOPLE'S BOOK STALL,
ERNAKULAM.

Copyright, Nalapat Narayana Menon, 1928.
All rights reserved
(First Edition).

# അവതാരിക

ശ്രീമാൻ നാലപ്പാട്ട് നാരായണമേനോൻ ഇതിന്ന് എത്രയോ മുമ്പുതന്നെ അനാശങ്കമായവിധം തന്റെ ക വിയശസ്സു മലയാളത്തിലെങ്ങും പ്രതിഷ്ഠിച്ചുകഴിഞ്ഞിരി ക്കുന്നു; അദ്ദേഹത്തെ വായനക്കാരുമായി പരിചയപ്പെടു ത്താൻ ഇനി ഒരാൾ പുറപ്പെടുന്നതു കേവലം ധാർഷ്ട്യ മാണ്. പക്ഷെ അദ്ദേഹത്തിന്റെ ഒരു കാവ്യസഞ്ചയ ത്തിന്നു ഞാൻ അവതാരകനായതിനെപ്പററി ഒരു ക്ഷ മായാചനം ആവശ്യമായിരിക്കും. അനവധി കൊല്ലങ്ങ ളോളമായി നാലപ്പാടിനോട് അടുത്തു പരിചയിക്കാൻ ഇടവന്നിട്ടുള്ളതുകൊണ്ടു വായനക്കാരിൽ പലക്കും സാ ധിച്ചിട്ടില്ലാത്തവിധം, കവിതയേയും ജീവിതത്തേയും പ ററി അദ്ദേഹത്തിന്റെ വാസ്തവാഭിപ്രായം മനസ്സിലാ ക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഒരു ഞായം. അദ്ദേഹത്തിന്റെ കവിത ആസ്വദിക്കാൻ അ ങ്ങിനെ ഒരറിവ് എത്രകണ്ടാവശ്യമാണെന്നതിന്നു, 'ദുർ ഗ്രഹത'എന്ന ദോഷം ചിലർ അതിന്നാരോപിക്കുന്നതുത ന്നെ ഒരു തെളിവാണ്. അതിനാൽ കവിതയെപ്പററി, അഥവാ ജീവിതത്തിൽ കവിതയ്ക്കുള്ള സ്ഥാനത്തെപ്പററി, നാലപ്പാടനുള്ള അഭിപ്രായം അപൂർണ്ണമായിട്ടെങ്കിലും ഒ ന്നു സൂചിപ്പിച്ചുവെയ്ക്കുയാണ് ഞാൻ ചെയ്യാൻ പോകുന്ന ത്; അദ്ദേഹത്തിന്റെ കവിതാസ്വാദനത്തിൽ വായന

ക്കാക്ക് ഇതുകൊണ്ട് അല്പമെങ്കിലും എളുപ്പമുണ്ടാകുന്ന പക്ഷം ഞാൻ കൃതാൎത്ഥനായി.

"ഏററവുമധികം ഭംഗിയുള്ളത് ഏററവുമധികം മറെപ്പെട്ടുനില്ക്കുന്നു" എന്ന് ഒരിംഗ്ലീഷുകവി പറയുന്നുണ്ട്. നാലപ്പാടൻ നമ്മുടെ എല്ലാ കവികളിൽനിന്നും ദൂരപ്പെട്ടുനിൽക്കുന്നു. അദ്ദേഹം നമ്മുടെ ഒരു സ്വതന്ത്രകവിയാണ്—ഒരു കവിയും ആത്മജ്ഞാനിയും. ആന്തരമായ പ്രേരണകൊണ്ടേ അദ്ദേഹം തൂവലെടുക്കാറുള്ളൂ. ആന്തരമായ ഒരു വികാരാവേശത്തിൽ മാത്രമേ അദ്ദേഹം കവിതാദ്വാരാ സ്വാനുഭവങ്ങളെ കുറിച്ചിടാറുള്ളൂ. (പുളകാങ്കുരം എന്ന പേർതന്നെ ഇതു സൂചിപ്പിയ്ക്കുന്നുണ്ടല്ലോ) മററുള്ളവർ ചെയ്യുന്ന ഗുണദോഷനിരൂപണത്തിൽ അദ്ദേഹം ഉദാസീനനാണ്. അദ്ദേഹത്തിന്റെ ചുററും അതിർക്കോട്ട കെട്ടാൻ ഒരു നിരൂപകനും ശക്തനല്ല. ജീവിതത്തിലെന്നപോലെ കവിതയിലും അദ്ദേഹം ആരാധിയ്ക്കുന്ന വസ്തുക്കൾ ആഡംബരരഹിതങ്ങളാണ്; എന്നാൽ നാലപ്പാടന്റെ കവിത കുറച്ചധികം ആലോചനാപരമത്രേ. അദ്ദേഹം എഴുതുന്നതു വിചാരശീലന്മാൎക്ക് വേണ്ടിയാണെന്നതിന്നു തൎക്കമില്ല. ഇതും അദ്ദേഹത്തിന്നുപകരണമായ നമ്മുടെ ഭാഷയുടെ അപൂൎണ്ണതയും കൂടിയായപ്പോൾ, അല്പം ചിലരുടെ ആന്തരമായ ആരാധനത്തോടുകൂടെ ദുൎഗ്രഹത നാലപ്പാടന്റെ കവിതയിൽ ആരോപിതമായിത്തീൎന്നു.

നാലപ്പാടൻെറ നില മററെല്ലാവരിൽ നിന്നും ഒഴിഞ്ഞിട്ടാണെന്നു പറഞ്ഞതിനെ ഞാൻ വിവരിയ്ക്കട്ടെ. പണ്ടേത്തെ മലയാളകവികളെ സ്മരിയ്ക്കുമ്പോൾ, ഒന്നാമതു തുഞ്ചനും രണ്ടാമതു കുഞ്ചനുമാണ് നമ്മുടെ സ്മൃതിപഥത്തിലെത്തുന്നത്. തുഞ്ചത്താചാര്യൻ ഒരു മഹാകവിതന്നെ. എന്നാൽ അദ്ദേഹത്തിൻെറ മഹാകവിത്വം തികച്ചും വെളിപ്പെടുത്തുവാൻ അക്കാലത്തെ ജനങ്ങളുടെ അവസ്ഥാവിശേഷം അനുവദിച്ചില്ല; ആളുകൾക്ക 'കഥ'യുണ്ടാക്കികൊടുക്കേണ്ടുന്ന ഒരു കാലമായിരുന്നു അത്. ആ കൃത്യത്തിൽ എഴുത്തച്ഛൻ വിജയംതന്നെനേടിതാനും. കുഞ്ചൻനമ്പ്യാരാകട്ടെ, ആളുകളെ ചിരിപ്പിപ്പാനാണ് അധികം ശ്രമിച്ചത്. അതിന്ന് അദ്ദേഹം തൻെറ കവിതയെ പലപ്പോഴും ആഭാസംകൂടിയായി തോന്നുന്ന മട്ടിൽ തുള്ളിക്കളിപ്പിച്ചും കൊണ്ടിരുന്നു. കുഞ്ചൻനമ്പ്യാരുടെ കോമളങ്ങളായ കിളിപ്പാട്ടുകളെ ഞാൻ വിസ്മരിയ്ക്കുന്നില്ല. എന്നാൽ അവ സംസ്കൃതാലങ്കാരികന്മാരാൽ കെട്ടിപ്പൊക്കപ്പെട്ട കൽത്തുറുങ്കിൽ കിടന്നു പുരാണം ചൊല്ലുകയാണ് ചെയ്യുന്നത്. അന്നേത്തെ പരിതഃസ്ഥിതി നോക്കുമ്പോൾ, ഇതിൽ അത്ഭുതപ്പെടാനില്ലെന്നു സമാധാനിയ്ക്കാം. വലിയ കോയിത്തമ്പുരാൻ തുടങ്ങിയ അടുത്ത കാലത്തെ കവികളും ആ തുറുങ്കിൽ നിന്നു വിട്ടുപോരാൻ ശ്രമിച്ചില്ലെന്നതും ഇരിയ്ക്കട്ടെ; ഇന്നേത്തെ പല കവികൾ കൂടി ആ അസ്വാതന്ത്ര്യത്തിൽത്തന്നെ ചുരുണ്ടുകിടക്കുന്നതിലാണ ഏറെ സങ്കടം. സംസ്കൃതം മാത്രം എന്നതു വിട്ടു മററു ചില സംസ്കൃത ഭാഷകൾ കൂടിയും,

കേരളത്തിലെ എന്നതു വിട്ടു മററു പല പരിഷ്കൃതരാജ്യങ്ങളിലെ സംപ്രദായങ്ങൾ കൂടിയും, മനസ്സിലാക്കുവാൻ സൌകൎയ്യമിരുന്നിട്ടും ഈ മാന്യന്മാർ തങ്ങളുടെ കവിതാദേവിയ്ക്കു കുറെക്കൂടി വിസ്താരമുള്ള ഒരു വാസഗൃഹം കല്പിച്ചു കൊടുക്കാത്തതു കഷ്ടം തന്നെ.

ഈ മലയാളകാവ്യകൎത്താക്കന്മാരുടെ അടുക്കൽ എനിയ്ക്കു വലിയ സുഖം തോന്നാറില്ല. അവരുടെ കവിത ജീവിതത്തിൽ നിന്നു ദൂരെപ്പെട്ടിട്ടാണ്. പ്രാപഞ്ചികാനുഭവങ്ങളുടെ എത്രതരം രൂപഭേദങ്ങളേയും അവർ തൊടാതെ വിടുന്നു. മതത്തേയും സദാചാരത്തേയും സംബന്ധിച്ചുള്ള ചില ഇറുകിയ മൎക്കടമുഷ്ടികളിലേയ്ക്കു് അവർ തലയും തിരുകിക്കൂടുന്നു. മറെറന്തുതന്നെ ഗുണമിരുന്നാലും, മനുഷ്യത്വത്തേയും പ്രപഞ്ചത്തേയും പററിയുള്ള ഈ മാതിരി ഒരപൂൎണ്ണസങ്കല്പത്തെ അടിസ്ഥാനമാക്കിയിട്ടുള്ള കോട്ടകെട്ടൽ കവിതയിൽ തികച്ചും ആക്ഷേപാൎഹമാണ്. കലകൾ ആദൎശപരങ്ങളാണെന്ന തത്വത്തെ ഞാൻ തീരെ എതിൎക്കുന്നില്ല. "കവിത ജീവിതത്തെ ആശ്രയിച്ചിരിയ്ക്കണം. അല്ലാതെ ജീവിതം കവിതയെ ആശ്രയിച്ചിരിയ്ക്കരുത്." ഇതും ശരിയാണ്. പക്ഷെ ജീവിതത്തിൻെറ വെറും ഛായയെടുത്തു കൂടിട്ടുവെച്ചതായിക്കൂടാ കവിത; അതും അപൂൎണ്ണതയാണ്. മാനസികമായും ആത്മീയമായും. മാനുഷമായും അമാനുഷമായും ഉള്ള പല ശക്തികളേയും പ്രേരണകളേയും കേവലം വിസ്മരിച്ചു കളഞ്ഞ് ഇന്ദ്രിയഗോചരമായ ഒരു ലോകാംശത്തെ മാത്രം പകൎത്തികാണിച്ചതുകൊണ്ടും കലാവിദ്യകൾ തൃപ്തിപ്പെടുന്നതിന്ന് അൎത്ഥവുമില്ല.

അതിരിക്കട്ടെ. നമ്മുടെ ഇന്നത്തെ കവിത — മഹാകവി വള്ളത്തോളിന്നു മലയാളഭാഷ എന്നെന്നും നന്ദി പറയട്ടെ — തികച്ചും വ്യത്യസ്തമായ ഒരു നൂതനപഥത്തിലേക്കു തിരിഞ്ഞിരിക്കുന്നു. വള്ളത്തോൾ ഒന്നാമതായി ദ്രാവിഡവൃത്തങ്ങളെ പുനരുദ്ധാരണംചെയ്തു പുതുമപ്പെടുത്തി. ഇന്നദ്ദേഹം ഉപയോഗിക്കുന്ന ദ്രാവിഡവൃത്തം ഭാഷയുടെ ആന്തരമായ ശക്തിക്കും, സുഭഗതക്കും, തുലോം യോജിച്ചതാണ്. വേദം, പുരാണം, ബൈബിൾ, കുറാൻ, ചരിത്രം, ഐതിഹ്യം എന്നിവയും മററു പലതും അദ്ദേഹത്തിൻെറ കവിതക്കു വിഷയമായിക്കാണുന്നു. സാമുദായികാചാരങ്ങൾ, പാവങ്ങളുടെ ദയനീയസ്ഥിതി, പ്രഭുക്കന്മാരുടേയും വിത്തേശന്മാരുടേയും ചില നികൃഷ്ടചേഷ്ടകൾ, നമ്മുടെ അസ്വതന്ത്രത, മതസംബന്ധികളായ വൈരങ്ങൾ, വർഗ്ഗീയമത്സരങ്ങൾ,—ഇവയെല്ലാം അദ്ദേഹത്തെ അപ്പപ്പോൾ ഒരു വികാരാവേശത്തിലേക്കുയർത്തുകയും ചിലപ്പോഴെല്ലാം ഒരസാമാന്യത്തത്വജ്ഞാനിയാക്കുകയും ചെയ്യുന്നു ഇവയിൽ നിന്നെല്ലാം മനുഷ്യലോകത്തിൻെറ സഗൌരവമായ നിശ്ശബ്ദഗീതത്തെ അദ്ദേഹം കേൾക്കുന്നു.

പ്രകൃതിയും അദ്ദേഹത്തിന്നു പലപ്പോഴും കവിതാവിഷയമാകുന്നുണ്ട്. മരക്കൂട്ടംകൊണ്ടു തൊപ്പിവെച്ച പർവ്വതാഗ്രങ്ങൾ, തള്ളിയൊലിക്കുന്ന മലഞ്ചോലകൾ, തോട്ടങ്ങളോടും വയലുകളോടുംകൂടി പ്രശാന്തങ്ങളായ നാട്ടുപുറങ്ങൾ, ഭൂമിയിലും ആകാശത്തിലും പാറിക്കളിക്കുന്ന പ

രവകാറ്റ, വേനൽക്കാലം, ചന്ദ്രമേറിയ പ്രഭാതം, തിള്ള ങ്ങുന്ന സായങ്കാലം, മഞ്ഞുകാലം, പേമഴ,—ഇവയും മറ്റും അദ്ദേഹത്തിന്റെ ഭാവനാശക്തിയെ ഇളക്കിവിടുകയും, എല്ലാ ധർമ്മശാസ്ത്രങ്ങളും ഒരുമിച്ചുകൂടിയതിലധികം തത്വങ്ങളെ ആ കവികുലഗുരു കാവ്യമുഖേന നമുക്കുപദേശിക്കയും ചെയ്യുന്നു. "എന്തെങ്കിലും ഒരു വസ്തു വെട്ടത്ത് അതിൽ സകലവും കാണാറാക്കുന്ന"തായി ബൽസാക്കിനുണ്ടെന്നു ടെയിൻ പറയുന്ന ആ "അപായകരവും അതിവിശിഷ്ട"വുമായ ശക്തിവിശേഷം അദ്ദേഹത്തിനുണ്ട്. ഈ ഭൗതികവസ്തുക്കൾക്കുള്ളിൽ തികച്ചും ചുഴിഞ്ഞുനോക്കുമ്പോൾ, ഈ ദൃശ്യലോകാന്തർഭാഗത്തായി ഒരു യഥാർത്ഥലോകം കവി നമുക്കു കാണിച്ചുതരുന്നു. ഭിന്നവസ്തുക്കളെക്കൊണ്ടു നിറഞ്ഞ ഈ ലോകത്തിൽ ലൗകികവും മാനസികവുമായ ഒരു ജീവിതൈക്യത്തെ ചിലപ്പോൾ കവി കണ്ടാനന്ദിക്കുന്നു. "ഒരു കമ്പിയില്ലാത്ത വീണ" എന്ന് അദ്വൈതത്തെ നാമകരണംചെയ്തു കമ്പിറാണെന്നു തോന്നുന്നു; എന്നാൽ വള്ളത്തോളാകട്ടെ ആ കമ്പിയില്ലാത്ത വീണയ്ക്കു കമ്പി കെട്ടിത്തരുന്നു.

കവനവിഷയങ്ങളുടെ എന്തൊരു സമ്പത്ത്! അതിന്റെ നിർമ്മാണചാതുരിയോ അതിലും അപാരം! ആത്മാനുഭവങ്ങളെ എഴുതിക്കാണിക്കുന്നതിൽ അദ്ദേഹത്തിന്റെ തൂലികയെ യാതൊരു തൊങ്ങലുകളും, നിയമക്കെട്ടുകളും, ആചാരപ്പിരികളും, തടയുന്നില്ല. അദ്ദേഹത്തിന്റെ ഖ

ണ്ഡകഥകൾ യാതൊരലങ്കാരഭാണ്ഡവും ചുമന്നു ഞെരുങ്ങുന്നില്ല. അനിരുദ്ധൻ, ഗണപതി, ശിഷ്യനും മകനും, മഗ്ദലനമറിയം എന്നിങ്ങനെയുള്ള പലതിലേയും കഥാകഥനരീതി എത്ര നിസർഗ്ഗസുഭഗം! അദ്ദേഹത്തിൻെറ ഖണ്ഡകാവ്യങ്ങൾ—അഹോ, മുത്തശ്ശിമാരുടെ പഴങ്കഥപോലുള്ള പണ്ടത്തെ ഖണ്ഡകാവ്യങ്ങളുമായുള്ള വ്യത്യാസം! — മനുഷ്യഹൃദയത്തിലെ ഓരോ വികാരത്തേയും എത്ര സ്പഷ്ടമായി, മനോഹരമായി, വരച്ചു കാണിക്കുന്നു. അദ്ദേഹത്തിൻെറ വ്യംഗ്യങ്ങളും, ധ്വനികളും, വാക്കുകളെ മാററിവെയ്ക്കാൻ പാടില്ലാത്ത രചനാസൌഷ്ഠവവും, നൂതനാശയങ്ങളും വായനക്കാരുടെ ഭാവനാബലത്തെ തട്ടിയുണർത്തി കൂടെ കൊണ്ടുനടക്കുന്നു. പ്രാചീനകൃതികളൊന്നുംതന്നെ ഇതു ചെയ്തു കാണുന്നില്ല.

വള്ളത്തോളിൻെറ കവിതയ്ക്കും, അതോടുകൂടി മലയാളകവിതയ്ക്കും, ഉണ്ടായിട്ടുള്ള ഈ സർവ്വതോമുഖമായ പരിവർത്തനം ഇവിടെ നാം അനുസ്മരിച്ചു കഴിഞ്ഞു.

കഴിഞ്ഞ ശതാബ്ദത്തിൻെറ മദ്ധ്യത്തിൽവെച്ചു തുടങ്ങിയ പാശ്ചാത്യപരിഷ്കാരത്തിൻേറയും പാശ്ചാത്യപരിജ്ഞാനത്തിൻേറയും ശക്തിമത്തായ പ്രചാരം അനവധി കാലമായിട്ടുള്ള ഇന്ത്യയുടെ ധാർമ്മികവും സാമുദായികവുമായ പരിവർത്തനത്തിൻെറ അഗാധഭാഗവുമായി കൂട്ടിമുട്ടി. ഇംഗ്ലീഷിൻെറ ക്രമാനുകൂലമായ പ്രചാരം—ആ ഭാഷയിൽ എന്തു ദോഷമിരുന്നാലും—എല്ലാത്തരം പാശ്ചാത്യവിചാരങ്ങളേയും ഇന്ത്യയിലേയ്ക്കു കടത്തിവിട്ടു. പ

ക്കെ ഇന്ത്യയെ ഇംഗ്ലണ്ടാക്കിത്തീൎക്കലിന്നു, ഹിന്ദു ഇന്ത്യയെ ക്രിസ്ത്യൻ ഇന്ത്യയാക്കിത്തീൎക്കലിന്നു, വിലങ്ങനെ മറെറാരു പ്രതിചലനം ഹിന്ദുക്കളുടെ അന്ധവിശ്വാസത്തെ അടിച്ചുടച്ചുകൊണ്ടും, ഹിന്ദുക്കളുടെ ശാശ്വതാദൎശങ്ങളെ വീണ്ടും തട്ടിപ്പുടച്ചു കൊണ്ടും, പുറപ്പെട്ടു. ഇവയുടെ ആവൎത്തനം ആ ദ്വന്ദ്വയുദ്ധത്തിന്റെ നിഷ്ഠുരതയ്ക്കു് ഒരു പതം വരുത്തി. ഇന്ത്യയിലെ ധാൎമ്മികശ്രദ്ധയുടെ പുനരുദ്ധാരണവും പാശ്ചാത്യചിന്തകളുടെ ഇന്ത്യയിലേക്കുള്ള പ്രവാഹവും കൂടി വിചാരശീലനായ ഏതിന്ത്യക്കാരന്റെയും മനോഗതിയെ ഒന്നു മാററിവിട്ടു. ആ കൂട്ടത്തിൽ നാട്ടുഭാഷകളും ഒരു തിരിച്ചൽ തിരിഞ്ഞു. വിദേശീയ സാഹിത്യപ്രസ്ഥാനങ്ങളിലെല്ലാം കലാകുശലന്മാരുടെ കയ്യെത്തി; അവർ അവയിൽനിന്നു് ഉല്ലേഖസൃഷ്ടിയുടെ കരുക്കൾ കൈവശപ്പെടുത്തി. ഭൂതകാലത്തിന്റെ പെരുംഭാണ്ഡത്തിൽ—ഇന്നില്ലാത്ത ചില ഗുണങ്ങൾ അതിലുണ്ടെങ്കിലുംകൂടി—കുഴിച്ചിട്ടു തപ്പിക്കൊണ്ടു കാലം കഴിക്കുന്നതിന്റെ പ്രയോജനശൂന്യത്വം കുറച്ചിടകൊണ്ടു് അല്പം ചിലരെങ്കിലും മനസ്സിലാക്കി. അങ്ങിനെ ലോകത്തിന്റെ ഓരോ ഭാഗവും തമ്മിൽ അകററിനിൎത്തിയിരുന്ന വരമ്പുകളെല്ലാം ഒരു സാഹിത്യസംബന്ധിയായ, ഒരു മനഃസംസ്കാരപരമായ, ഐക്യപ്രവാഹത്തിൽ ഉടഞ്ഞുപോയി.

ഈ ഐക്യബോധത്തോടുകൂടി ജീവിതത്തേയും, പ്രപഞ്ചത്തേയും കുറിച്ചു് എല്ലാ രാജ്യത്തുമുള്ള പുതുസങ്കല്പം

കലാവിദ്യകളെ ഒന്നു രൂപഭേദപ്പെടുത്താൻ തുടങ്ങി. കഴിഞ്ഞ ഒരിരുപതു കൊല്ലത്തിനുള്ളിൽവെച്ചു, പാശ്ചാത്യപൌരസ്ത്യജീവിതത്തിൽ കാണുന്ന അറിവിൻേറയും ലോകപരിചയത്തിൻേറയും വൎദ്ധന കാവ്യനിൎമ്മാണത്തേയും കാവ്യനിരൂപണത്തേയും ശക്തിയോടുകൂടി ബാധിച്ചുവന്നു. ഒരു മതത്തിൽനിന്നും ഉണ്ടാകാത്ത പ്രാപഞ്ചികജ്ഞാനം മനുഷ്യൎക്കനുഭവപ്പെട്ടു. അതാകട്ടെ, പുരാതനമതതത്വങ്ങളേക്കാൾ, മതാനുഷ്ഠാനങ്ങളേക്കാൾ, മനുഷ്യഹൃദയത്തിന്ന് ഉത്സാഹകരവും ആശ്വാസപ്രദവുമായിക്കണ്ടു. പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരങ്ങളായി ചില സത്വങ്ങളും അറിവുകളും മനുഷ്യൻ കണ്ടെത്തുകയായി. ഈ പരിവൎത്തനത്തെ വിലവെയ്ക്കാതെ, അഹംഭാവംകൊണ്ടോ, പഴയതിനോടുള്ള അതിപ്രതിപത്തികൊണ്ടോ, ഒരാൾ കവിയോ നിരൂപകനോ ആവാൻ നോക്കുന്നുണ്ടെങ്കിൽ അയാൾ നിശ്ചയമായും അജ്ഞനും വിഡ്ഢിയുമാണ്.

ഈ ചരിത്രസംബന്ധിയായ വിവരണം മുൻനിൎത്തിക്കൊണ്ടും, മലയാളകവിതയെ ഉജ്ജീവിപ്പിയ്ക്കുകയും നാലപ്പാടനിൽ ഒളിഞ്ഞു കിടന്നിരുന്ന കവിതാതേജസ്സിനെ ഉത്തേജിപ്പിയ്ക്കുകയും ചെയ്ത വള്ളത്തോളോടുള്ള കൂട്ടുകെട്ടിനെ സ്മരിച്ചുകൊണ്ടും, നമ്മുടെ കവിയേയും അദ്ദേഹത്തിൻെറ കവിതയേയും നോക്കിക്കാണുന്നതാവശ്യമാണെന്നു ഞാൻ വിചാരിയ്ക്കുന്നു. എൻെറ അവതാരികയിലെ ഈ ഒരു ഭാഗം കുറച്ചധികം നീണ്ടുവെങ്കിലും, ഇ

ണോത്തെ ഭാഷാസാഹിത്യത്തിൽ കാണുന്ന പുതുപ്രസ്ഥാനങ്ങളെ പൊതുവായും, നാലപ്പാടന്റെ കവിതാരീതിയെ സവിശേഷമായും മനസ്സിലാക്കുന്നതിന്ന് ഇത് അത്യാവശ്യമാണെന്നു ഞാൻ പറയും.

II

നാലപ്പാട്ട് നാരായണമേനോൻ കൊല്ലം 1068-ൽ പൊന്നാനിത്താലൂക്കൽ ഒരു കുഗ്രാമമെന്നു പറയാവുന്ന അണ്ടത്തോട്ട് (വന്നേരി) മുമ്പു സാഹിത്യത്തിലോ മററു കലാവിദ്യകളിലോ പ്രസിദ്ധികേട്ടിട്ടില്ലാത്ത ഒരിടത്തരം കുടുംബത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ സ്കൂളിലിരുന്നുള്ള വിദ്യാഭ്യാസം വളരെ വേഗത്തിൽ, യാതൊരു സർവ്വകലാശാലാപരിക്ഷയിലും ഏർപ്പെടുന്നതിനു മുമ്പായി, അവസാനിച്ചു. അങ്ങിനെ വളരെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹം എല്ലാത്തരം വ്യവസ്ഥിതത്വത്തോടും മല്ലിടാൻ തുടങ്ങി. അതു നന്നായിതാനും ടഗ്ഗുറിനെപററി കസിൻസ് പറയുകയുണ്ടായതുപോലെ "അദ്ദേഹം ഒരു ജീവിതമാണ്; അല്ലാതെ ഒരു വ്യവസ്ഥിതത്വമല്ല.". പാഠ്യപുസ്തകങ്ങളിൽനിന്നും പരിക്ഷകളിൽനിന്നും കുട്ടിക്കാലത്തുതന്നെ രക്ഷപ്പെട്ടു കിട്ടിയതുകൊണ്ട് അദ്ദേഹത്തിന്റെ ബുദ്ധി സങ്കുചിതമാകാതെ കഴിഞ്ഞു. അതേവരെയായുള്ള നിസ്സാരവായന വർദ്ധിപ്പിയ്ക്കാൻ വേണ്ട സൌകൎയ്യം അതുകൊണ്ടദ്ദേഹത്തിന്നു ലഭിച്ചു. ഇന്നദ്ദേഹത്തിന്നെത്തിയിട്ടുള്ള വായന അപാരമാണ്. ഉത്സാഹപരമായ മനസ്സ് ആ വിധം ശേഖരിച്ചു പോരുന്ന വായിച്ചറിവിനെ

അദ്ദേഹത്തിൻെറ ബുദ്ധിവിശേഷം വകതിരിച്ച പ്രധാനം പ്രധാനമായിട്ടുള്ളതിനെ സ്വീകരിക്കുകയും, അങ്ങിനെ പ്രപഞ്ചത്തിലെ ഏതു പരമാണുവിലും ഈശ്വരത്വം തിളങ്ങിക്കാണുമാറ് ഒരു ഐക്യബുദ്ധിയെ അനുഭവപ്പെടുത്തുകയും ചെയ്തു.

കാഴ്ചയിൽ നാലപ്പാടൻ ഒരു സുകുമാരശരീരനും, തൻെറ ചെറിയ കൈവിരലുകൾപോലെ സൌമ്യസ്വഭാവനുമാണ്. അദ്ദേഹത്തിൻെറ സംഭാഷണത്തിൽ ഒരോജസ്സും, ഒരു പ്രസാദവും, സൌമ്യമെങ്കിലും ഉജ്ജ്വലമായ രസികത്വവുമുണ്ട്. അദ്ദേഹം അത്യധികം മര്യാദ നോക്കുന്ന ആളും, ശബ്ദത്തിലും, ആംഗ്യങ്ങളിലും, മററു പെരുമാററത്തിലും, ഒരാകർഷകത്വമുള്ള ആളുമാണ്. അദ്ദേഹത്തിൻെറ ഏതു പ്രവൃത്തിയിലും പരിഭ്രമമില്ലായ്മ സവിശേഷമായിട്ടുണ്ട്.

നന്നെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹം ഭാവിയിലെ തൻെറ സുഹൃത്തും ഉപദേഷ്ടാവുമായ വള്ളത്തോൾ മഹാകവിയോടു പരിചയപ്പെട്ടു. ആ ക്ഷണം മുതൽക്കേ ആ രണ്ടു പേരിലും അങ്കുരിച്ചുപോന്ന അതിസ്നേഹം, ഗുരുശിഷ്യപ്രതിപത്തി എന്നു പറയട്ടെ, മനോഹരമായ ഒരു വിശിഷ്ടകാവ്യമാണ്—അതേ, അതിൻെറ ഏതൊരേടം വായിച്ചുനോക്കാൻ സൌകര്യമുണ്ടായിട്ടുള്ള ഏതൊരുവനേയും ആനന്ദഭരിതനാക്കിയിട്ടുള്ള ഒരു രസോത്തരകാവ്യം! അതിന്നു ശേഷം അവർ രണ്ടുപേരുംകൂടി മലയാളത്തിൽ പലേടത്തും, മലയാളസാഹിത്യത്തിലെന്നപോ

ലെ, സഞ്ചരിച്ചു. ഇന്നു പേരെടുത്തിട്ടുള്ള എല്ലാ സാഹിത്യകാരന്മാരുമായി അവർ പരിചയപ്പെട്ടിട്ടുണ്ട്. എല്ലാവരുമായി സാഹിത്യപരമായ അഭിപ്രായവിനിമയം അവർ ചെയ്തിട്ടുമുണ്ട്. സംസ്കൃതത്തിലും ഇംഗ്ലീഷിലും മേലേക്കിടയിലുള്ളതെല്ലാം അവർ ഒരുമിച്ചു നോക്കി മനസ്സിലാക്കിയിരിക്കുന്നു. രണ്ടുപേരുടേയും പ്രതിഭ അസാധാരണമായതുകൊണ്ട് അവർ അവയെ വേണ്ടതുപോലെ അറിഞ്ഞാസ്വദിക്കുകയും ചെയ്തു. വള്ളത്തോളിൻെറ കവിതകളിൽ കാണുന്ന "പാശ്ചാത്യാ"ശയങ്ങൾക്ക നാലപ്പാടനും, നാലപ്പാടൻെറ കവിതകളിൽ കാണുന്ന സംസ്കൃതഭാഷാഗുണങ്ങൾക്കെല്ലാം വള്ളത്തോളും അന്യോന്യം കടപ്പെട്ടിട്ടില്ലേ എന്നു ഞാൻ സംശയിക്കുന്നു.

നാലപ്പാടൻെറ ചെറുപ്പകാലത്തുണ്ടായിട്ടുള്ള മറെറാരു പ്രധാനസംഭവം 'ബ്രഹ്മവിദ്യാസംഘ'ത്തിലേക്കുള്ള അദ്ദേഹത്തിൻെറ പ്രവേശമാണ്. അദ്ദേഹം തൻെറ സഞ്ചാരങ്ങൾക്കിടയിൽ പലപ്പോഴും കോഴിക്കോട്ടു ചെന്നിരുന്നു. അക്കാലത്തു ബ്രഹ്മശ്രീ മഞ്ചേരി രാമയ്യരുടെ നേതൃത്വത്തിൽ ഉജ്ജ്വലമായി നടന്നിരുന്ന കോഴിക്കോട്ടെ ബ്രഹ്മവിദ്യാശ്രമം ബുദ്ധിയും ഉത്സാഹവുമുള്ള മലബാറിലെ എല്ലാ ചെറുപ്പക്കാരേയും ശക്തിയിൽ ആകർഷിച്ചു പോന്നു. ഇപ്പോൾ ആ സംഘാംഗം എന്ന നില നിയമപ്രകാരമില്ലെങ്കിലും, ആ സംഘവുമായുള്ള സമ്പർക്കം അദ്ദേഹത്തിൻെറ ജീവിതഗതിക്കു് ഒരു വലുതായ മാററം ഉണ്ടാക്കിയിട്ടുണ്ട്. അന്നൊക്കെ ഏതാണ്ടു നി

രിശ്ചരമതത്തിൻെറ വക്കത്തു ചാഞ്ചാടിയിരുന്ന അദ്ദേഹത്തിന്ന് ആ സംഘപ്രവേശം ആത്മീയവിഷയത്തിൽ സവിശേഷമായ ശ്രദ്ധ വെപ്പിച്ചു. ഒരു രണ്ടു കൊല്ലം കൊണ്ടു സംഘംവക പ്രസിദ്ധീകരണങ്ങളിൽ പ്രാധാന്യമുള്ളതെല്ലാം അദ്ദേഹം പഠിച്ചു. ബ്രഹ്മവിദ്യാസംഘത്താൽ പുനരുദ്ധാരണംചെയ്യപ്പെട്ട എല്ലാ 'ആസ്തിക്യതത്ത്വ'ങ്ങളും അദ്ദേഹത്തിന്നു കൈവശപ്പെട്ടു. അക്കാലത്തെ അദ്ദേഹത്തിൻെറ കൃതികളാണ് "വിവേകാനന്ദസ്വാമികളും", "പൌരസ്ത്യദീപ"വും, "ദയാനന്ദസരസ്വതി" എന്ന ആര്യസമാജസ്ഥാപകൻെറ ജീവചരിത്രവും, മററും.

ഈയൊരു ഘട്ടത്തിലാണ്, 1091 ഇടവമാസത്തിൽ ഒരു ദിവസം വൈകുന്നേരമാണ്, എനിയ്ക്കു നാലപ്പാടനുമായി പരിചയപ്പെടാൻ ഇട വന്നത്. വള്ളത്തോറം അന്നു കുന്നംകുളത്ത് താമസിയ്ക്കുകയായിരുന്നു. അവിടെ വെച്ചാണ് ഞാൻ നാലപ്പാടനെ കണ്ടത്. ഒരു സുഹൃത്തു ഞങ്ങളെ അന്യോന്യം പരിചയപ്പെടുത്തി. ഉടനെ അദ്ദേഹം ആദ്യമായി പറഞ്ഞത് ഇതാണ്: "നിങ്ങളുടെ പേർ ഞാൻ സാമൂതിരികോളേജിൽനിന്നുള്ള ഇൻറർമീഡിയററ് പരീക്ഷാവിജയികളുടെ കൂട്ടത്തിൽ ഇയ്യിടെ 'വെസ്റ്റ്കോസ്റ്റ് സ്പെക്ടെററർ' പത്രത്തിൽ വായിയ്ക്കുകയുണ്ടായി". അത്ഭുതമെന്നു പറയട്ടെ, പിന്നീട് എൻെറ പേർ അച്ചിൽ പതിഞ്ഞത് ഒമ്പതുകൊല്ലത്തിനുശേഷം തിരുവനന്തപുരം 'ഡെയിലിന്യൂസ്' പത്രത്തിൽ 'കണ്ണ

നിർത്തുള്ളി'യുടെ വിമൎശകനായിട്ടാണ്. അതു മിസ്സിസ്സ് ബെസൻറിൻെറ 'ഹോംറൂൾ' ലഹളയും മഹായുദ്ധവും നടന്നുവന്നിരുന്ന കാലമായിരുന്നു. ഡോക്ടർ ബെസൻറിൻെറ അഭിപ്രായപരിവത്തനങ്ങളെപ്പററി ഞാൻ ആലോചിയ്ക്കാതെ എന്തോ പറഞ്ഞുപോയതു്, ഉടനെ തന്നെ രാഷ്ട്രീയവിഷയത്തിൽ നാലപ്പാടൻ എത്ര ആലോചന ചെന്ന ആളാണെന്ന് എന്നെ ധരിപ്പിച്ചു: മിസ്സിസ് ബെസൻറ് ആത്മീയവിഷയത്തിലെന്നപോലെ രാഷ്ട്രീയ വിഷയത്തിലും അദ്ദേഹത്തിൻെറ ഗുരുവാണെന്നു ഞാൻ കണ്ടു. അതിന്നുശേഷം രാഷ്ട്രീയവിഷയത്തിൽ നാലപ്പാടനെ ഒരു ഉൽപതിഷ്ണുകക്ഷിയായിട്ടേ ഞാൻ എന്നും കണ്ടിട്ടുള്ളൂ—പക്ഷെ അത്രയധികം തുറന്നുപറയുന്ന മട്ടല്ല എന്നു മാത്രം. അങ്ങിനെ സഹകരണത്യാഗപ്രസ്ഥാനം വന്നു. ഉടനെ നമ്മുടെ കവി മഹാത്മജിയെ ഗുരുവാക്കി വരിച്ചു. ആ ലോകവന്ദ്യൻ കേരളം സന്ദശിച്ച രണ്ടവസരത്തിലും നാലപ്പാടൻ അദ്ദേഹത്തെ ചെന്നു കണ്ടു നമസ്കരിച്ച് അതിനെ ഉറപ്പിയ്ക്കുകയും ചെയ്തു. ഇന്നദ്ദേഹം മഹാത്മജിയുടെ പ്രധാനോപദേശങ്ങളെ സശ്രദ്ധം അനുസരിയ്ക്കുന്നുണ്ട്.

ഇക്കാലത്തൊരിയ്ക്കൽ വള്ളത്തോളിന്നുവേണ്ടി മാത്രമായി വിക്തോർ യൂഗോചിൻെറ പ്രധാനകൃതിയായ 'ലെ മിസെറാബ്ള്' (Les Miserables) അദ്ദേഹം ഭാഷാന്തരം ചെയ്വാൻ ആരംഭിച്ചു. ഈ സാമാന്യമായി തുടങ്ങിയ ശ്രമമാണ് ഇന്നത്തെ 'പാവങ്ങൾ'. വള്ളത്തോൾ യൂഗോവിനെ വാല്മീകിയെപോലെ, അഥവാ അതിലധികം

തന്നെ, ആരാധിക്കുന്നുണ്ട്. ഈ ഒരൊററ ആഖ്യായിക, ലോകമൊട്ടുക്കും ഇതേവരെയായി അത്തരത്തിൽ കണ്ടിട്ടുള്ള എല്ലാ മഹാഗ്രന്ഥങ്ങളിലുംവെച്ച് ശ്രേഷ്ഠമായ ആ സാഹിത്യ തം, നാലപ്പാടനെ എത്ര കണ്ട് ഉളക്കിത്തീത്തുവെന്ന്, അല്ലെങ്കിൽ അദ്ദേഹത്തെ എത്ര കണ്ടു വ്യത്യാസപ്പെട്ട ഒരാളാക്കിത്തീത്തുവെന്ന്, അദ്ദേഹത്തിന്റെ അനന്തരകൃതികൾ തെളിയിക്കുന്നുണ്ട്. ഈ മഹാസംരംഭം നടന്നുവന്ന കാലത്തും, അതിനു മുമ്പുതന്നേയും, പനിനീർപ്പൂവിന്നു പുഴപോലെ, അദ്ദേഹത്തിന്റെ ജീവിതസുഖത്തെ ഒരു നിഗൂഢദുഃഖം കരണ്ടുതിന്നിരുന്നു. നമ്മുടെ കവി, അദ്ദേഹത്തിന്റെ വാക്കിൽത്തന്നെ,

> "പ്രപഞ്ചകർത്താവെഴുതും വിധാനം
> മാറ്റത്തിലെൻ ഭംഗിയതികാന്തദാരം,
> ഹാ, കാന്തയൂടെ പാരമെൻ ചുട്ടുതിന്നിടാ-
> തെന്നെത്ര പേടിച്ചു . . . . . . . . ."

ഒടുവിൽ ആ ഭയജനകമായ കാലംപോയി, അദ്ദേഹത്തിന്നു തന്റെ ജീവിതസർവസ്വം കൈവന്നുവെങ്കിലും, പത്തു മാസം മാത്രമേ ആ ദാമ്പത്യസുഖാനുഭവത്തിന്ന് ഈശ്വരൻ അനുഗ്രഹം നൽകിയുള്ളൂ. അദ്ദേഹത്തിന്റെ ആ അനുരാഗം—

> "വിശ്രാന്തിസംശുദ്ധികളെസ്ഥിരം മ-
> ച്ചിന്താഗതിക്കേകിന ദിവ്യഗാനം—"

എന്തായിരുന്നുവെന്നും, അതിന്റെ ഭൗതികമായ തിരോഭാവം അദ്ദേഹത്തിന്ന് എത്രമാത്രം ഹൃദയഭേദകമാ

യി എന്നും, ആ ദുഃഖത്തിൽ എങ്ങിനെയാണദ്ദേഹം ആശ്വാസം കൊണ്ടതെന്നും, നമ്മുടെ സാഹിത്യത്തിലെ അത്ഭുതിയവിലാപകാവ്യമായ "കണ്ണുനീർത്തുള്ളി" വായിച്ചുതന്നെ വായനക്കാർ അറിയേണ്ടതാണ്.

ഈ ജീവചരിത്രക്കുറിപ്പുകൾ കണ്ടുകണ്ടു വായനക്കാർക്ക് ക്ഷമയില്ലാതായോ എന്നു ഞാൻ ഭയപ്പെടുന്നു. എന്നാൽ അങ്ങിനെയുള്ളവർ കുറച്ചിട നിന്നു, 15—30 വയസ്സിനുള്ളിൽ ആത്മീയമായും സാഹിത്യപരമായും ഉണ്ടായിത്തീരുന്ന വിചാരങ്ങളും അറിവുകളും, മിതെല്ലാമില്ലാതെ നടക്കുന്ന മാനസികമായും ആത്മീയമായും എന്നല്ല ലോകാതീതമായും മാനസാതീതമായുമുള്ള ഓരോ സംഭവവും, അനുഭവവും, അത്യധികം ഉള്ളിൽ തട്ടിപ്പോകുന്ന ഒരു കവിഹൃദയത്തെ എത്രയധികം രൂപാന്തരപ്പെടുത്തിക്കളയുമെന്ന കാര്യം നല്ലപോലെ ആലോചിക്കേണ്ടതാണ്. ഇനിയും സംശയമുണ്ടെങ്കിൽ, അങ്ങിനെയുള്ളവർ നാലപ്പാടൻ ഏതു നിലയിലാണ് 'സുലോചന'യിലും, 'പുകയിലമാഹാത്മ്യ'ത്തിലും പിന്നീട് 'കണ്ണുനീർത്തുള്ളി'യിലും വെളിപ്പെടുന്നതെന്ന് ഒന്നു പരിശോധിച്ചുനോക്കട്ടെ.

## III

'പുളകാങ്കുര'മെന്ന ഈ കാവ്യസംചയത്തിലുള്ള ഓരോ കൃതിയും വെവ്വേറെ എടുത്തു പരിശോധിക്കേണ്ട ആവശ്യമില്ലെന്നു തോന്നുന്നു; എന്നല്ല, അതിന്നിവിടെ സ്ഥലവുമില്ല. എങ്കിലും ഈ ചെറിയ ഗ്രന്ഥം 'കുരുക്ഷേത്ര'ത്തിലെ ബാഹ്യവും അവാസ്തവുമായ അനുഭവങ്ങളെ

കുറിയ്ക്കുന്ന ആളുടേയും, 'വാനപ്രസ്ഥന്റെ വിരക്തി'യിലെ സാധാരണജീവിതം പാടുന്ന ഒരു സാമാന്യകവിയുടേയും നിലയിൽനിന്ന്, 'ഇന്നത്തെ അമ്മ' 'ഹിതകാരിത്വം' എന്നവയിലെ ആദർശീഭൂതമായ സ്വരാജ്യസ്നേഹത്തിന്റെ പ്രവാചകനും, ഒടുവിൽ 'പ്രേമവികാസമേ വെൽവൂതാക' എന്നതിലെ ആത്മജ്ഞാനിയും, ബാക്കിയുള്ളവയിലെപ്പോലെ സാർവത്രികമായി ജീവിതൈക്യം അനുഭവപ്പെട്ടിട്ടുള്ള ഒരു ലോകനിരീക്ഷകനുമായിക്കാണുന്ന ഉൽകൃഷ്ടപദത്തിലെത്തുന്നതിന്നിടയ്ക്കുണ്ടായിട്ടുള്ള നാലപ്പാടന്റെ മാനസികപരിവർത്തനത്തെ സുവ്യക്തം രേഖപ്പെടുത്തുന്നതായി ഞാൻ പറയും. ഇവയിലൊന്നിലും രാഷ്ട്രീയപരിവർത്തനങ്ങളുടെ 'ഇരമ്പിച്ചകൾ' നാം കേൾക്കുന്നില്ല; എങ്കിലും അദ്ദേഹം അത്രമേൽ ഉള്ളിൽക്കൊണ്ട ഒരു സ്വരാജ്യസ്നേഹിയാണ്. സാമുദായികങ്ങളായ ശണ്ഠകളിലെ കൊട്ടംപിരിക്കൊള്ളലുകൾ നാം കാണുന്നില്ല; എങ്കിലും അദ്ദേഹം നീതിയേയും സമത്വത്തേയും മുൻനിർത്തി സമുദായത്തെ ഉടച്ചുവാർക്കണമെന്നുള്ള ആളാണ്. ഈ സംഗതികളിൽ അദ്ദേഹം വള്ളത്തോളിൽനിന്നുപോലും അല്പം അകന്നുനില്ക്കുന്നു. വള്ളത്തോൾ തന്റെ കാലത്തുണ്ടായിട്ടുള്ളതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ എല്ലാ മുഖ്യസംഭവങ്ങളിലേയ്ക്കും കടക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ നോക്കി ഒരാൾക്കു കണിശമായി കാലനിർണ്ണയം ചെയ്യാം. പക്ഷേ നാലപ്പാടൻ ഏതു കാലത്തേയ്ക്കും യോജിയ്ക്കുന്ന മട്ടിലാണ് കവനം ചെയ്യുന്നത്; ഒരു പ്രത്യേക കാലത്തേയ്ക്കായിട്ടല്ല. ഇതിനുംപുറമേ, വാചാതീതങ്ങ

ളായ വികാരങ്ങളുടെ മിന്നലാട്ടങ്ങൾ വള്ളത്തോളിലെന്ന പോലെ നാം നാലപ്പാടനിൽ കാണുന്നില്ല; പക്ഷെ പ്രപഞ്ചംമുഴുവനും സൃഷ്ടിക്കുകയും മാററി തിക്കുകയും ചെയ്യുന്ന ആ ശാശ്വതശക്തിയുടെ ചില സാന്നിധ്യങ്ങൾ കണ്ടെത്തുന്ന ഒരാത്മജ്ഞാനിയുടെ ദൃഢതയും ശാന്തതയും നാലപ്പാടനുണ്ട്. പ്രകൃതിയുടെ ഓരോ ഭാഗത്തേയും ഏതാണ്ട വള്ളത്തോളിനെപ്പോലെ നാലപ്പാടനും നോക്കിയറിയുന്നുണ്ട്. ആ ലോകാത്മികയുടെ നിശ്ശബ്ദസംഗീതം കേൾപ്പാൻ അദ്ദേഹത്തിന്നും ചെവിയുണ്ട്.

എന്നാൽ അദ്വിതീയങ്ങളായ അദ്ദേഹത്തിൻെറ 'പ്രാണന്നും പ്രാണൻ', 'കോണക്കാഴ്ച' 'ഏങ്കിലും' എന്നിവയിലെ ആശയവിശിഷ്ടത, ഇന്നത്തെ ആന്തരമായ ജീവിതബോധംപോലെ, മുൻകാലത്തെ പ്രാപഞ്ചിക ജ്ഞാനവും, പ്രകൃതി, മനുഷ്യത്വം, ദേവത്വം എന്നിവതന്നെയും അടിയിൽനോക്കിയാൽ ഒന്നാണെന്നുള്ള യഥാർത്ഥാനുഭവവും,കൂടികലൎന്നുണ്ടായതാണ്. ഇത്താം അറിവിൻെറ വൈപുല്യവും ആലോചനകളുടെ അഗാധതയും, നാലപ്പാടനെ വള്ളത്തോൾ പ്രസ്ഥാനത്തിൽത്തന്നെ കന്നകത്തി നിൎത്തുന്നുവെന്നാണ് എൻെറ വാദം.

പ്രകൃതിയിലെ സൂക്ഷ്മശക്തികളേയും,സൂക്ഷ്മതത്ത്വങ്ങളേയും കുറിച്ചുള്ള ജ്ഞാനം അദ്ദേഹം ഈ ഖണ്ഡകൃതികളിൽ വെളിപ്പെടുത്തുന്നു അവനവനേയും പ്രപഞ്ചത്തേയും നോക്കി പറയുമ്പോൾ അദേഹം കേവലം ഒരാത്മജ്ഞാനിയായിപോകുന്നു. "ആനന്ദപൂൎണ്ണമാമാദിമബ്രഹ്മത്തിന്നാദിപ്രകൃതിയാം തൽപ്രിയയിൽ" ഉദിച്ചു

ന്ന പ്രേമവികാസത്തെ അദ്ദേഹം ചില നോക്കു കാണു ന്നു. അനേകത്തിന്റെ ഏകീകരണത്തിലൂടെ, ദ്വന്ദ്വങ്ങ ങ്ങളുടെ നാശത്തിലൂടെ, കാണുന്ന അപാരതയുടെ കേവലരൂപത്തിനുള്ള സുഭഗത അദ്ദേഹം വരച്ചു കാട്ടാൻ നോക്കുന്നു:

"കുറിയ മൺപ്പൂക്കൾ പിന്നിലതാ തഴ-
ച്ചേറിവരുന്നു മുകിൽപ്പന്തൽ;
മാമര പ്രദേശങ്ങളും പാറിത്തിളങ്ങുന്നി-
താമരഗ്ഗന്ധമൂറും പൊൻകൊടികൾ;
എന്തൊരു വർണ്ണച്ചാരുതയാലിപ്പമാമ്പൂമരങ്ങൾ.
ചെന്തളിരണിയും മാമ്പടങ്ങൾ."

ഈ പ്രേമവിലാസം അനശ്വരമാണ്. കാലത്തിന്ന് അതിന്റെ മിന്നുന്ന നെററിത്തടത്തിൽ ചാലിടാൻ വയ്യാ. കവി വിവരിക്കുന്നു.

"ആരാലും നിൽക്കാതാരമാകാലമതന്നെ-
യാരായതിലെല്ലാം മൊഴിച്ചിരിപ്പൂ!"

ഈ പ്രേമം പ്രപഞ്ചൈക്യത്തിന്റെ മറെറാരു നാമം, അല്ലെങ്കിൽ മറെറാരു രൂപം, മാത്രമാണ്. ഈ ഏകത്വത്തിന്റെ ശാശ്വതസത്യത്തെ അദ്ദേഹം തന്റെ ഭാവനാശക്തികൊണ്ടു കാണുന്നു. ചില കാലങ്ങളിൽ, ചില സന്ദർഭങ്ങളിൽ, വ്യക്തിപരമായ ജീവിതം പ്രപഞ്ചം മുഴുവനുമായി വികസിക്കുകയും, അപ്പോൾത്തന്നെ പ്രപഞ്ചമെല്ലാം ആ വ്യക്തിയിലേയ്ക്കു സങ്കോചിക്കുകയും ചെയ്യുന്നതായി അദ്ദേഹം പാടുന്നു. ഭിന്നങ്ങളായ സകല വസ്തുക്കളും ഏകത്വമവലംബിച്ച്, ഒരു വീണയുടെ കമ്പികളെന്നപോലെ ഇണങ്ങി, ഒരേ ഒരു

ശ്രുതിമാധുര്യത്തെ ഉദ്ദീപിപ്പിയ്ക്കുന്നു. ഈ ഏകത്വത്തിലുള്ള ആനന്ദം അദ്ദേഹം അനുഭവിയ്ക്കുകയും, അതിന്റെ അപാരതയ്ക്കായി ആർത്തിപ്പെടുകയും ചെയ്യുന്നു.

"എൻകൊച്ചുകൈപ്പിടിയ്ക്കുള്ളിലടങ്ങുമീ-
ത്തങ്കപ്പൊടത്തെ ബ്രഹ്മാണ്ഡഗോളം
വിണ്ടുപെൻകയ്യിൽപ്പൊട്ടിത്തകരുന്നു, ഹാ,
നീണ്ടുനിൽക്കുന്ന നഭസ്സിൻ ജാലം!

ഇന്നു നീയടിയൊന്നങ്ങയെക്കാണുന്നോ,
നിർമ്മലനിഷ്കളപ്രേമമേ, ഞാൻ!"

ഈ ഏകത്വത്തിന്റെ നിഗൂഢത, ടഗ്ഗൂർ പറയും പോലെ, 'എത്രതന്നെ നിഷ്കർഷിച്ചു നോക്കിയാലും വെളിപ്പെടാവുന്ന ഒന്നല്ല'. എന്നാൽ അതിന്റെ സാന്നിധ്യത്തിൽ കവി ആഹ്ളാദം കൊൾകയും,

"പൂഴിത്തരിയെപ്പോൽ ... പോലുമ-
പ്പൂർണ്ണ... ത്തെപ്പൂണ്മൂ ഞാൻ!"

എന്നും

"അന്ധതമിസ്രവും നിൻ തിരുമെയ്യാസ്സു-
ണ്ടെന്നോ കോൾമയിർക്കൊൾവൂ ... ഞാൻ!

എന്നും പ്രാർത്ഥിയ്ക്കുകയും ചെയ്യുന്നു.

ഈ ഏകത്വം തന്റെ ഉള്ളിൽ എത്രമേൽ തിളങ്ങുന്നുണ്ടെന്ന് അദ്ദേഹം 'ഓണക്കാഴ്ച'യിൽ വീണ്ടും പറയുന്നു:

"അപ്പുതൻ പൂക്കളുമഗ്രതാരങ്ങളു-
മൊപ്പം രമിച്ചു മടിത്തടമേ,

ഏകത്വമാനന്ദമെന്ന തത്ത്വത്തിനു
ള്ളിലൂട്ടാസ്ഥാനമാമെന്നോണമങ്ങു.

*   *   *   *   *   *   *

അവസാനമററ കാലച്ചുരുളിൽ, അതിൻെറ അപാരങ്ങളായ മടക്കുകളിൽനിന്നു, സാരങ്ങളും നിസ്സാരങ്ങളുമായ സംഗതികഠം വീണ്ടും വീണ്ടും വെളിപ്പെട്ടു കാണുന്നു. അവയിലൊന്നായ ഓണം തൻെറ ദിവ്യസങ്കല്പത്തെ, പ്രപഞ്ചത്തിൻെറ ആഹ്ലാദമയമായ ആന്തരാത്ഥത്തെ, കുറിക്കുന്നതായി അദ്ദേഹം വിവരിക്കുന്നു:—

“അല്ലെങ്കിലന്ധതമിസ്രത്തെയാദിത്യ
നാക്കിയ പച്ചത്തിരിച്ചിലിൻെറ—
ഓരോ മണൽത്തരിയാലെയീബ്രഹ്മാണ്ഡ-
മൊട്ടുക്കിളക്കിടും വൻ ചെപ്പിൻെറ-
മറെറാരു രൂപം താൻ സ്വാത്മമാംസ്വപ്നത്തിൽ
മത്ത്യരെയെത്തിച്ചു കാൽത്തളപ്പും!

സ്വാത്ഥപരമായ സുഖം അനുഭവിക്കാൻ പ്രയത്നിക്കുന്ന ഓരോരുത്തനേയും കാണുമ്പോഠം ഏകത്വത്തിലുള്ള ഈ ആനന്ദം കവിക്കനുഭവപ്പെടുന്നു. ഈ ആനന്ദവാഹിയായ ഏകത്വത്തിൻ വരവിൽത്തന്നെ വിശിഷ്ടവും കൌതുകകരവും, മനുഷ്യരാലും പ്രകൃതിയാലും ആസ്വാദ്യവുമായ ഒരു സൗഭാഗ്യം എങ്ങും വ്യാപിക്കുന്നു.

“മണ്ണിൻെറ പച്ചപ്പുൽപ്പട്ടു കണ്ടുണ്ടായ
വിണ്ണിൻ കരിമുഖമെങ്ങു പോയി?

*   *   *   *   *   *   *

*   *   *   *   *   *   *

ചെററക്കുടിലിലും കൊട്ടാരക്കെട്ടിലു-
മൊററപ്പിരിയാതെ വാണരുളി
നിഷ്കാമപൂജനമേല്ക്കുന്നു വിശ്വേശൻ
തൃക്കാക്കരെയപ്പനെന്നു പേരിൽ.

'എങ്കിലും' എന്ന കാവ്യത്തിൽ നാലപ്പാടൻ, ദുഃഖത്തിൻെറയും നിരാശതയുടേയും ബോധത്തിലൂടെ ഇങ്ങനെ എഴുതുന്ന കീററ്സ് മഹാകവിയോട് അടുത്തു നില്ക്കുന്നു:

"ആശാഭംഗവും, ഉൽകൃഷ്ടസ്വഭാവങ്ങളുടെ എന്തെന്നില്ലാത്ത ദുർഭിക്ഷവും * * * * എന്നില്ല, എന്തുതന്നെയും ഇരുന്നാലും എന്തോ ഒരു സൌഭാഗ്യവസ്തു നമ്മുടെ ഇരുളടഞ്ഞ മനസ്സിൽനിന്നു വ്യസനകരമായ ശവമൂടുതുണിയെ മാററിക്കളയുന്നു."

നമ്മുടെ കവിക്കും ഇതുതന്നെയാണനുഭവം. അദ്ദേഹം തൻെറ ജീവിതത്തിൽ ഏററവും മനോഹരമായ ഒരദ്ധ്യായം ഓൎമ്മിക്കുന്നുണ്ട്:

"അമ്മ മടിയിൽ വെച്ചാനു ചിരിക്കുകെ-
ന്നുമ്മവെച്ചത്രയും കൊഞ്ചിക്കൊഞ്ചി
പിഞ്ചുകരങ്ങളാൽത്തപ്പുകൊട്ടിച്ചതു-
മെൻെറ ചരിത്രത്തിലൊരദ്ധ്യായത്തിൽ"!

ഈ ജീവിതാദ്ധ്യായം എത്ര വിശിഷ്ടമായ ഒരു സൌഭാഗ്യമാണ്! അനന്തരാദ്ധ്യായങ്ങളോ, ദുഃഖമയം; എങ്കിലും എല്ലാ അന്ധകാരത്തേയും, ജനനമരണങ്ങൾക്കിടയിൽ പാഞ്ഞുകളിക്കുന്ന ഈ ജീവിതത്തിൻെറ

എല്ലാ പുറംപുരട്ടുകളേയും, എത്ര ചാതുരത്തിൽ അതു മാററിക്കളയുന്നു! എന്നാൽ പുറംകാഴ്ചയിൽ അത്രയും ദുഃഖമയമായി തോന്നുന്ന ഈ ജീവിതം ഗുണമില്ലാത്തതാണോ? കവി പറയുന്നു, അല്ല:

“ദുഃഖമേ, നീയെങ്ങു തൃക്കഴൽ ചേർപ്പതെ-
ങ്ങോർക്കയും ശ്രീകോവിൽ തന്നെയല്ലോ.
നിർവൃതിയിലെത്തിയ നെഞ്ചിൽ പതിയുന്ന
നിർവാണതാമരമൊട്ടു താനേ!”

എങ്കിലും ചില ലൌകികാനുഭവങ്ങൾ നമ്മെ വീണ്ടും നിരാശതയിലേക്കേറിയുന്നുണ്ട്. ഉടനെ തന്നെ നാം,

“പൊട്ടക്കരയചാണ്ടാരമേവീഴ്ച്ച-
മുട്ടുചവാസാനമീറിയത്തിൽ,
ചെണ്ടത്താരാങ്ങ പിന്നെയും ചെണ്ടിട്ടാ
ട്ടിന്നിവാരമൊഴ ദീപ്യമാനം

എന്നു ജീവിതത്തെപ്പററി, കവിയെ പോലെ, പിറുപിറുക്കുന്നു. എങ്കിലും താനും ഈ കാണുന്ന സകലവും ഒന്നാണെന്നുള്ള അഗാധവിശ്വാസം വീണ്ടും അദ്ദേഹത്തിന്നു കിട്ടുന്നുണ്ട്:

“എങ്കിലും രാചത്താടെന്നുടെ നാഥമ-
തിക്കളിയല്ലിലാണെന്നുതന്നെ;
എപ്പോഴായാലും വിണ്ണിങ്ങുതാനിട്ടെച്ചും-
ണാൽ പതിച്ചീട്ടുകെനന്ത ശ്വാസം!”

ഈ പദ്യത്തിൽ അദ്ദേഹം, കീററ്സിനെപോലെ, “സത്യം എന്നെന്നും സൌഭാഗ്യമാണെന്നും സൌഭാഗ്യം എന്നെന്നും സത്യമാണെന്നും” നമ്മെ പഠിപ്പിക്കുന്നു. കളവറി

യാത്ത പിഞ്ചുകുട്ടിയെ നോക്കി മുഖെത്തു സന്തോഷാശ്രു പൊഴിയ്ക്കുന്ന മാതൃവാത്സല്യം, രാത്രിയുടെ ഇരുട്ടിനെ ഇല്ലാതാക്കുന്നആ ദിവ്യചന്ദ്രൻഭൂമിയിൽത്തന്നെ സ്വർഗ്ഗത്തെ കണ്ടെത്തുമെന്നുള്ള ദൃഢവിശ്വാസം,— ഇവ ലോകത്തിൽ എങ്ങിനേയോ പൊട്ടിപ്പുറപ്പെടുന്ന അപ്രതീക്ഷിതസംഭവങ്ങളല്ല, പ്രപഞ്ചത്തിൻെറ ദിവ്യസൌഭാഗ്യത്തെ ചില നോക്കു കാണാറാകലാണ്. ഇവ സത്യത്തേയും, നിരാശത അസത്യത്തേയും ചൂണ്ടി കാണിയ്ക്കുന്നു!

നാലപ്പാടനിൽ സവിശേഷമായൊന്നു ഞാൻ കാണുന്നത്, അദ്ദേഹം പ്രകൃതിരഹസ്യങ്ങളെ മനസ്സിലാക്കിയിട്ടുള്ളതു വിവേചനംവഴിയ്ക്കല്ല അനുഭാവംവഴിയ്ക്കാണെന്നുള്ളതാണ്. പ്രകൃതിയുടെ ക്രമക്കേടുകളിൽ എങ്ങിനെയാണ് സൌഭാഗ്യപ്പൊരുത്തം നിലകൊള്ളുന്നതെന്ന് അദ്ദേഹം കണ്ടിരിയ്ക്കുന്നു; അതിൻെറ സൃഷ്ടികളിലെങ്ങുമുള്ള പരസ്പരവിരുദ്ധതകൾതന്നെ എങ്ങിനെയാണ് സംഗീതക്കൊഴുപ്പോടുകൂടി നൃത്തം ചെയ്തുകൊണ്ടിരിയ്ക്കുന്നതെന്ന് അദ്ദേഹം കാണുന്നു; അതിൽ എങ്ങിനെയാണ് "എല്ലാ വേർപാടുകളും ഒരുമിച്ചു കൂടുന്ന"തെന്നും, എങ്ങിനെയാണ് "ജീവിതം മരണത്തോടു കൂട്ടിയിണക്കപ്പെട്ടിരിയ്ക്കുന്ന"തെന്നുമുള്ള വാസ്തവം അദ്ദേഹമറിഞ്ഞു. എന്നല്ല, ഈ അറിവുകളെ ജീവിതത്തോടിണക്കുന്നതിന്നും സാർവ്വത്രികമായ പ്രകൃതിസൌഭാഗ്യത്തെ ആത്മാവിലേയ്ക്കു സംക്രമിപ്പിയ്ക്കുന്നതിന്നും അദ്ദേഹത്തിന്നു സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ പ്രകൃതിബോധങ്ങൾ വാസ്തവ

ങ്ങളായി, അദ്ദേഹത്തിൻെറ നോട്ടങ്ങൾ സൂക്ഷ്മങ്ങളായി, അദ്ദേഹത്തിൻെറ കൈവിരലുകൾ നിപുണങ്ങളുമായി. അദ്ദേഹത്തിൻെറ പ്രതിഭാബലം പ്രകൃതിസൌഭാഗ്യത്തെ കണ്ടെത്താനും, അതിനെ ജീവിതത്തിൽ അനുഭവപ്പെടുത്താനും, ഭക്തിയോടുകൂടി അതിനെ പകൎത്തിക്കാണിയ്ക്കാനുംഉള്ള ത്രാണിയുണ്ടാക്കി എന്ന് എടുത്തു പറയട്ടെ. നാലപ്പാടൻെറ കവിതയിൽ എങ്ങും അടിയിൽ കാണുന്നത് ഈ ഒരു മൈത്രിയുടെ പരമസ്വരൂപമാണ്—അതേ, മനുഷ്യരോടെന്നപോലെതന്നെ പ്രകൃതിയോടുമുള്ള മൈത്രി. ഈ കാവ്യസഞ്ചയത്തിലെ ഒടുവിലത്തെ രണ്ടു കൃതികൾ—'നിസ്സാര'വും 'എൻെറ സുഖ'വും—വിശേഷിച്ചും ഈ ഒരു പ്രധാനഗുണത്തെ കുറെക്കൂടി ഉറപ്പിച്ചു കാണിയ്ക്കുന്നുണ്ട്.

ഈ ഭാവനാപരങ്ങളായ ബോധങ്ങളിലാണ് നാലപ്പാടൻെറ മതവിശ്വാസത്തെ നാം നോക്കേണ്ടത്. എന്തെന്നാൽ, ഒരു കവിയുടെ മതം "വാദിച്ചും ചിന്തിച്ചും ശരിപ്പെടുത്താനുള്ള തത്വങ്ങളുടെ സങ്കലനമല്ല." അപ്പോൾ നമ്മുടെ കവി എല്ലാ മതത്തിന്നും അപ്പുറത്താണെന്നു കാണാം. മതഭേദങ്ങളെല്ലാം താഴെ കിടക്കുന്ന ചില ജനപഥങ്ങളാണ്. താഴ്വരയും അതിലെ ജനപഥങ്ങളും വിട്ട്, അദ്ദേഹം എല്ലാ മതങ്ങളുടേയും സിദ്ധാന്തം ഒരുമിച്ചു കൂടുന്ന പൎവ്വതാഗ്രത്തിൽ—അവിടെ വെച്ചാണ് സ്വൎഗ്ഗവും ഭൂമിയും ഒരുമിയ്ക്കുന്നതു—കയറി നില്ക്കുന്നു.

ഇവയൊക്കെയാണ് നമ്മുടെ കവിയെ, നാലപ്പാടനെ, പണ്ടും ഇന്നുമുള്ള മലയാളകവികളിൽ നിന്ന്—മററപ്പെടുത്തുന്നത്. അദ്ദേഹം തനിച്ചു നില്ക്കുന്നു.

നാലപ്പാടന്റെ കവിത്വം തികച്ചും 'ലിറിക്ക'ലാണ്. പക്ഷെ അതിന്ന് ഇപ്പോഴും വിറ നിന്നിട്ടില്ലെന്നു വേണമെങ്കിൽ പറയാം. ഉറപ്പും, ശക്തിയും, കാവ്യപുഷ്ടിയും കുറെക്കൂടിയുണ്ടാകേണ്ടതുണ്ട്. ഈ കുറവുകാ കേവലമഹത്വത്തിലേയ്ക്കു കടക്കാൻ അദ്ദേഹത്തെ അനുവദിച്ചു കഴിഞ്ഞിട്ടില്ലായിരിയ്ക്കാം. എങ്കിലും നമ്മുടെ കവി ഇന്നും മദ്ധ്യവയസ്കനാണല്ലോ; ഒരു നീണ്ട ആയുഷ്ക്കാലം അദ്ദേഹത്തിന്റെ മുമ്പിലുണ്ട്. അതിനാൽ മറേറതൊരാളേയും പോലെ തന്റെ അസാധാരണമായ പ്രതിഭയ്ക്കും ഭാവനാശക്തിയ്ക്കും അനുരൂപമായ വിധം വിശിഷ്ടകൃതികളെക്കൊണ്ടു ശാശ്വതമായ മഹാകവിത്വം സമ്പാദിപ്പാൻ അദ്ദേഹത്തിന്നു സാധിയ്ക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിയ്ക്കുന്നു.

തൃശ്ശിവപേരൂർ.
5—9—'103

പ്രസാധകൻ.

# വിഷയവിവരം.


(൧) ഇന്നേത്തെ അമ്മ. (മഞ്ജരി)

(൨) ഒരു വാനപ്രസ്ഥന്റെ വിരക്തി. (ശ്ലോകം)

(൩) "പ്രേമവികാസമേ, വെൽവൂതാക!" (മഞ്ജരി)

(൪) ഞാൻ കണ്ട കുരുക്ഷേത്രം. (ശ്ലോകം)

(൫) "പ്രാണനും പ്രാണൻ." (മഞ്ജരി)

(൬) ഹിതകാരിത്വം. (ശ്ലോകം)

(൭) ഓണക്കാഴ്ച. (മഞ്ജരി)

(൮) എങ്കിലും. (മഞ്ജരി)

(൯) എന്റെ സുഖം. (പാന)

(൧൦) നിസ്സാരം. (മഞ്ജരി)

# പുളകാങ്കുരം.

## മംഗളം.

മങ്കത്തയ്യോളിമൈമിന്നൈപ്പ്ഴ്മിളം-
പത്രപ്പടപ്പിൽത്തനി-
തങ്കത്തൂലികകൊണ്ടു താരണിമണ്ണം
ക്കൂട്ടം നിറക്കൂട്ടിനാൽ
കൺകക്കും വിധമാതതാഭ്രമറയിൽ-
ത്താൻ നിന്നു മായാമയി-
സങ്കല്പത്തെ വരസ്സുമാദിമകലാ-
കൌതൂഹലത്തെത്തൊഴാം.

---

## ഇന്നേത്തെ അമ്മ.

(മഞ്ജരി)

കാലത്തുണന്നു കിടന്നു കളിയ്ക്കും തൽ -
ബാലത്തിടമ്പിനെത്താലോലിയ്ക്കെ,
ചേലഞ്ചുമോമനക്കൊച്ചുമുഖം കൺക -
ളാലേ നുകന്നുകൊണ്ടമ്മ ചൊന്നാൾ:—

“പൊന്നുമകനേ, നിനക്കു നിരന്തരം
നിന്നമ്മ നേരുന്നു നന്മംഗളം!
ചിന്നും രസത്താൽച്ചിരിയ്ക്കുമെൻ പൈതലി
മന്നിലെജ്ജീവിതമെന്തറിഞ്ഞു!
പൂവുപോലുള്ള നിൻ തൂമെ തലോടുമ്പോൾ
നോവുമോ എന്നു ഞാൻ ശങ്കിയ്ക്കുന്നു;
ദൈവം നിനക്കു കുറിച്ചുവെച്ചുള്ളൊരു
ജീവിതപ്പോരെത്ര നിഷ്ഠുരമോ?
കള്ളത്തരവും ചതിയും നിറഞ്ഞൊരു
വെള്ളപ്പുറംപൂച്ചാണീ പ്രപഞ്ചം;
വല്ലതും കാണിച്ചു ശീലിയ്ക്കാത്തോരുടെ
നല്ലൊരു വംശത്തിനങ്കുരം നീ:
പൂർവ്വികന്മാരുടെ പുണ്യപദം ചേന്ന
പാവനമായ പന്ഥാവിലൂടേ

ഇന്നത്തെ അമ്മ

പാരിലവരെക്കാളുന്നതസ്ഥാനത്തി-
ലേറിയെന്നുണ്ണിയെക്കാണ്മനോ ഞാൻ!

"ദൈവം നിനക്കു തുണയ്ക്കുമെൻ പൈതലേ;
നീ വശംചാരാതെ നേർവഴിയേ
പോവുക, പോവുകൊ,-രമ്മതന്നർത്ഥന-
യ്ക്കാവതുണ്ടെങ്കിലോ നന്മതാൻ തേ.
പേടിപ്പെട്ടതുകിൽപ്പിന്തിരിഞ്ഞിടാതെ,
മാടിവിളിപ്പതും മാനിയാതെ,
പട്ടതാനാകിലും വെട്ടതാനാകിലും
കിട്ടുന്നവയിൽ മനസ്സുന്നാതെ,
നാലുഭാഗത്തുള്ളോരെത്ര നിന്ദിച്ചുവെ-
ന്നാലുമെത്രയ്ക്കു പുകഴ്ത്തിയാലും
ആകാശംതന്നെയിടിഞ്ഞുവീണിടിലു-
മാകാത്ത കർമ്മത്തിൽക്കൈചെല്ലാതെ,—
ഇമ്മണ്ണുകോമളച്ചുണ്ടാൽ നുകന്നുള്ളോ-
രമ്മിഞ്ഞപ്പാലു ദൂഷിപ്പിയ്ക്കാതെ,
എന്മകനെത്തിടുകെത്തേണ്ട ദിക്കിലീ-
യമ്മയെ മററുമൊരമ്മയാക്കാൻ!

" 'ജീവിതയാത്രയ്ക്കു കയ്യിലിരിയ്ക്കേണ്ട-
താവതുമെന്നിലടപ്പിയ്ക്കാതെ,

പാവമായുള്ളിക്കുടുംബത്തിലല്ലയോ
ദൈവമെനിയ്ക്കു പിറവി തന്നു!'
ഏവമെന്നോമനക്കുഞ്ഞിനു കുന്തിത-
ഭാവമുണ്ടാകരുതൊട്ടുപോലും:
കേവലാത്മാവാകുമീശ്വരൻ നിന്നിലു-
മാവിധമേതു മഹർഷിയിലും
രാജ്യം ഭരിയ്ക്കുന്ന രാജരാജങ്കലും
പൂജ്യനായത്രേ പ്രവർത്തിയ്ക്കുന്നു!
സർവ്വിജ്ഞാനവും സർവ്വമഹത്ത്വവും
സർവ്വഥാ തിങ്ങുമസ്സച്ചൈതന്യം
കൈവശം വെച്ചുകൊ'ണ്ടാവു ഞാൻ പാവ'മെ-
ന്നാവലാതിപ്പെട്ടാൽ പാപമത്രേ!
അല്ലെങ്കിൽത്തന്നെ നാമൈശ്വര്യവസ്തുവെ-
യല്ലല്ലോ പണ്ടും ഭജിച്ചുപോന്നു:
ആനത്തുകിലുമുടുത്തു നടന്നഭി-
മാനമില്ലാതിരന്നുണ്ണമായി,
മാമലയിങ്കലിരുന്നരുളീടുന്നാ
ശ്രീമഹാദേവൻ നമുക്കു ദൈവം.
നമ്മുടെ ജീവിതമാതൃക കാണിപ്പോ-
രമ്മഹർഷീന്ദ്രരോ, ഹന്ത! നിത്യം
കായും കനിയും പറിച്ചു തിന്നങ്ങിനെ

## ഇന്നത്തെ അമ്മ

കാടകംതന്നിൽക്കഴിഞ്ഞിരുന്നോർ.
ഇങ്ങിനെയുള്ള സൗഭാഗ്യംശതന്തുക്കറ്റന്ത-
ന്നിംഗിതം താഴമോ ദാരിദ്ര്യത്താൽ?
പിച്ച വാങ്ങിച്ച വലംകയ്യല്ലോ പര-
ന്നച്ഛമാം സ്വർഗ്ഗത്തെത്തിത്തു നല്കി!
കല്ലിൽച്ചവുട്ടിപ്പതം വന്ന കാൽ ചേർത്ത-
തല്ലോ ലക്ഷ്മീശന്നു വത്സചിഹ്നം!
വേണമെന്നുണ്ടെങ്കി,ലേതു മഹാമേരു-
വാണു നിൻകയ്യിൽ വരാത്തു കുഞ്ഞേ?
പിന്നിലെയ്യേതും തിരിഞ്ഞുനോക്കില്ലെന്നു
മുന്നിലെയ്യേരും മനുഷ്യനുണ്ടോ
മന്നിലസാദ്ധ്യമായ് വല്ലതുമെന്നല്ലോ
നിന്നിൽ മുതിന്നവർ കാട്ടിത്തന്നു:
അംഗുഷ്ഠഗാത്രനും വേണമെന്നാകിലോ
പൊങ്ങും ഗിരികളടിച്ചമക്കാം;
അററമില്ലാതെ കിടക്കും സമുദ്രങ്ങ-
ളൊററക്കൈകൊണ്ടെടുത്താചമിയ്ക്കാം;
മാമല പൊക്കി മഴക്കുടയാക്കിടാം
കോമളക്കുഞ്ഞിക്കരങ്ങളാലെ;
പററില്ല ചെയ്യാതെയെന്നാകിൽപ്പിന്നിടാ-
മൊററച്ചാട്ടത്തിനാൽ നൂറു കാതം;—

ഉണ്ണീ, നിന്നൽകൃഷ്ടപൂവ്വികന്മാരുടെ
പുണ്യപരാക്രമമോരോന്നേവം
എണ്ണിത്തുടങ്ങിയാലെന്നവസാനിപ്പൂ!—
വിണ്ണിലമരും വിശിഷ്ടരവർ
എന്നുടെ കുഞ്ഞിനെ നന്നായനുഗ്രഹി-
ച്ചുന്നതശ്രേയസ്സണയ്ക്കു മേന്മേൽ!
അന്യജനത്തിലുമന്യധമ്മത്തിലു-
മന്യായമായി ഭ്രമിച്ചിടാതെ,
സന്യാസശീലരാമപ്പൂണ്ടുള്ളോരുടെ
ധന്യസ്മരണ നിന്നുള്ളിൽ നിന്നാൽ
അമ്മതന്നോമനക്കൊച്ചുമിടുക്കനു
നന്മയല്ലാതെകണ്ടില്ലയല്ലോ!

"കുഞ്ഞിക്കുരുന്നുകരങ്ങൾ കുടഞ്ഞിളം-
മഞ്ജുളപ്പുഞ്ചിരി തൂകും നിന്നെ
മാറിലണച്ചു പുണന്നു പുണന്നു ഞാൻ
നീറുമെന്നുള്ളം കുളുർപ്പിയ്ക്കട്ടേ!
ഇമ്മലർപ്പേലവപാടലച്ചുണ്ടിനാ-
ലമ്മയ്ക്കൊരായിരമുമ്മ നൽകൂ:
നിമ്മലവായ്മലർത്തേനിലാറാടിയെൻ
ജന്മസാഫല്യം വരുത്തട്ടേ ഞാൻ."

# ഒരു വാനപ്രസ്ഥൻെറ വിരക്തി.

ധനം, മാനം, നാനാലളിതവതിയാം
　　മാനിനി, മഹാ-
ജനം വാഴ്ത്തും പുണ്യശ്ലോകളിവയിൽ വാ-
　　ഞ്ഛുന്ന കൊതിയാൽ
മനസ്സേ, നീതാനീ നിലയിലുഴലാൻ
　　നില്പതിനിയെ-
ന്തനത്ഥത്തിൽച്ചാടിച്ചതയുവതിനാ-
　　ണെൻെറ ശിവനേ!

നടന്നില്ലേ നായ്പോലരമവശനായ്
　　നാട്ടിൽ മുഴവൻ?
കിടന്നില്ലേ ഞാനാക്ഖലധനികർതൻ
　　കാലടികളിൽ?
തുടന്നില്ലേ നിൻ ചൊല്പടിയിലശുഭ-
　　ക്കയ്യുകൾ?—ദുരേ,
കടന്നെന്നെക്കൊണ്ടെന്തൊരു കളി കളി-
　　ച്ചിടുമിനി നീ!

പൊറാവല്ലൊത്തുള്ളാപ്പുഴികൾ പലതും
കേൾക്ക, ഖലനാ-
മരാതിസ്സായ് കൈ കൂപ്പുക, പരഗൃഹ-
ത്തിൽക്കഴിയുക—
ഒരാൾക്കും ചേരാത്തീപ്പണികൾ മുഴവൻ
ചെയ്തു; ചെറുതെൻ
ദുരാശേ, നീ തൃപ്തിപ്പെട്ടവതിനിയെ-
ന്നാണൊരുവിധം?

മട്ടത്തേൻചൊല്ലാൾതൻ മലയെതിർകുചം,
വിത്തവിഭവം
പെട്ടം മൂർഖൻതൻ കാലടി,യിതുകൾ ര-
ണ്ടേ ശരണമായ്—
കഷ്ടം!—പ്രാക്പുണ്യപ്രകരഫലമാ-
മിപ്പിറവി ഞാ-
നൊട്ടക്കിപ്പോമെന്നോ? നിയതി, തവ ദൌ-
ഷ്ട്യം നിരുപമം!

കുറച്ചും കള്ളത്തം കരളിലിയലാ-
തേ ഭവതിതാൻ
പറഞ്ഞീടും പോലേ, പകലുമിരവും
പാട്ട പെടവെ,

## ഒരു വാനപ്രസ്ഥൻെറ വിരക്തി

നിറഞ്ഞീടും താപം പ്രതിഫലമതി-
ന്നാ—സ്സൽ, തവ മ-
ട്ടറച്ചു; മായേ, നിൻ മഹിതമറിമാ-
യം മതിയിനി!

നിതാന്തം സന്താപം നിമിഷമനു നി-
ർമ്മൂലമണയു-
ന്നതായിപ്പോരിട്ടും, ശിവ ശിവ! മട-
ങ്ങീട്ടുമുടനേ
ഇതാ കാലം പൊയ്പോയ് മുഴുവനുമെനി-
ക്കു,വമലയു-
ന്നതാണോ സംസാരപ്രചുരസുഖമെ-
ന്നോപ്പുതു ജനം!

കിഴിഞ്ഞിട്ടും, കണ്ടോരുടെ കഴലുഴി-
ഞ്ഞിട്ടു,മിളമാൻ-
മിഴിക്കായാത്മാവങ്ങടിയറ കഴി-
ച്ചിട്ടുമിനിമേൽ
കഴിഞ്ഞാലുണ്ടാകും സുഖമിവനു കി-
ട്ടേണ്ട; വെളിവായ്-
കഴിഞ്ഞു, മായേ, നിൻ കളിയുടെ തിരി-
പ്പും തരവുമേ.

ഉടനെന്തോ പോകുന്നുടലിതിനു വേ-
  ണ്ടിക്കുറിനരെ-
കടന്നോച്ഛ്വാസിച്ചും തൊഴുതുമുഴലാ-
  നെന്തു വെറുതേ!
കിടക്കുന്നു കൂററൻ കടലെതിർപരപ്പാം
  വനം, മതിൽ-
ക്കടന്നാലാക്കെന്തൊന്നസുലഭം? അതേ
  നാടിവനിനി.

മടിയ്ക്കേണ്ടാ വേണ്ടും ഫലഗണമരു-
  ക്കാം, ബഹുസുഖം!
കുടിയ്ക്കാം സ്വാദേറും കുളുർജല,മിളം-
  തെന്നൽ പുണരാം;
നടിയ്ക്കേണ്ടാ മററാരൊടുമൊരു വണ-
  ക്കം; നെടുലത-
ക്കുടിൽക്കുള്ളിൽക്കൂടാം—ഇവനടവി പോ-
  രും പുലരുവാൻ.

ഉടൻ കണ്ടാൽത്തിന്നും പല കടുമൃഗ-
  ക്കൂട്ടമവിടെ-
ക്കിടക്കട്ടേ, ഞാനാവകയുടെ നടു-
  ക്കം പുലരുവൻ;

## ഒരു വാനപ്രസ്ഥന്റെ വിരക്തി

കടന്നോരോന്നോത്തുന്നളവു തലയും-
കൊണ്ടുരുജവാൽ
നടക്കും ദുഷ്ടന്മാക്കിടയിലരുളാ-
നാണു വിഷമം!

പ്രയത്നം കൂടാതെ പ്രസവശരശാ-
സ്ത്രപ്രവണതാ-
സ്വയത്താൽക്കൂത്താടും പുരികലതയാ-
ലേതവനെയും
മയക്കാൻ പോന്നീടും മതിമുഖികളി-
ല്ലാത്തവിടെ ഞാൻ
ഭയപ്പെട്ടീടാമോ ഭവജനിതദുഃ-
ഖക്കെടുതിയെ?

മരത്തോലോ മറ്റോ വസന, മശനം
വല്ല കനിയോ
പരം യാചിച്ചുണ്ടാമുരിയരിയതോ,
ഹന്ത, ശയനം
മൊരംകുന്നിന്മേലാമൊരുസമയമേ-
തോ ഗുഹയിലി-
ത്തരത്തിൽക്കൂടും ഞാൻ വിഷയനിരയെ-
ക്കൂസിടണമോ?

ഗൃഹത്തിൽപ്പൂമച്ചിൽ പ്രിയജനവുമായ്
        മേവുകിലെഴും
മഹത്താം സൌഖ്യത്തെത്തൃണസദൃശമോ-
        ർത്തിട്ടടവിയിൽ
ഗൃഹസ്ഥുള്ളിൽക്കണ്ണീരവരൊടു സമം
        വാഴ്‌വൻ—ഇവനൊ-
ന്നഹങ്കാരം മാറാനിതിലുമധികം
        നല്ലൊരു വഴി?

പരം ജ്യോതിസ്സുൾച്ചേർത്തുവിധമുറ-
        പ്പേന്തിയ പലേ
മരം കാണാം ചുററും, വിഹഗനികരം
        തത്ര വിശദം
പരക്കെദ്ദൈവത്തിൻ പടുമഹിമ പാ-
        ടീടും—ഒരുവ-
ന്നരണ്യത്തിൽച്ചെന്നാൽ വിഷയരതിയേ-
        താണ്ടു കുറയും.

അഹങ്കാരം കൈവിട്ടനുപമചിദാ-
        നന്ദഭരമാം
മഹസ്സൊന്നേ ധ്യാനിച്ചമലതരമാ-
        മുൾത്തള്ളിരൊട്ടും

## ഒരു വാനപ്രസ്ഥൻെറ വിരക്തി

മഹർഷിശ്രേഷ്ഠന്മാർ മരുവിടുകയാ-
　　ലേറെ വിലസും-
മഹൽപുണ്യാരണ്യം മമഭവനമെ-
　　ന്നാൽ സുകൃതി ഞാൻ.

കുളിർക്കുന്നിന്മേൽനിന്നൊഴുകിവരുമാ-
　　സ്സ്വർന്നദിയിൽ ഞാൻ
കുളിച്ചും കൈവല്യക്കളിനിലയമാ-
　　മീശ്വരപദം
തെളിഞ്ഞുള്ളിൽച്ചേർത്തും മരുവുമതുനാൾ
　　തൊട്ടിവനെ നീ
കളിപ്പിപ്പാൻ മായേ, കരുതിടുകിൽ നിൻ
　　പെട്ട പൊളിയും.

വിപൽധ്വാന്തപ്രധ്വംസനപടു, പരാ-
　　നന്ദമയ,മാ-
ത്തപസ്വിശ്രേഷ്ഠന്മാർ തിരയുമഖിലൈ-
　　ശ്വര്യനിലയം,
കപർദ്ദിത്തൃപ്പാദം പരിചിൽ വിലസു-
　　മ്പോൾക്കരളിനീ
പ്രപഞ്ചത്തെപ്പററിക്കൊതി വരുവതി-
　　ന്നെന്തൊരു വഴി!

നിലച്ചീമട്ടെല്ലാം വിഷയവിഷമ-
ഭ്രാന്തുമകതാർ
നിലയ്ക്കേ നിന്നുംകൊണ്ടനുനിമിഷമാ-
ത്തൈകമനനം
വിലപ്പെട്ടീടുന്നാ വിബുധതടിനീ-
പുണ്യപുളിനാ-
സ്ഥലംതന്നിൽച്ചെയ്യാനിവനു കഴിവെ-
ന്നോ വരുവതും!

ആരും കൺമുനചേർക്കിലാശ്ശു കനിയു-
ന്നാക്കണ്ഠനാളത്തിലും,
തോരും വാരിരുൾകുന്തളച്ചുരുൾകളിൽ-
അത്തും വിൽത്തുമ്പിലും,
വാരും മട്ടിലെടുത്തു കുഞ്ഞിനെ മുദാ
ചുംബിച്ചിടും ചുണ്ടിലും,
ചേരും പൊൻകൊടിതന്നവാച്യകവിതാ-
ശൈലിക്കു കൈക്കൂപ്പുവൻ!

# "പ്രേമവികാസമേ, വെൽവൃതാക!"

(മഞ്ജരി)

ആനന്ദപൂൎണ്ണമാമാദിമബ്രഹ്മത്തി-
ന്നാദിപ്രകൃതിയാം തൻപ്രിയയിൽ
ഈമട്ടനുദിനമെന്നുമുദിക്കുമാം-
പ്രേമവികാസമേ, വെൽവൃതാക!

ഉച്ച,'മുഷസ്സു,ഷസ്സെ'ന്നു വേദോക്തികൾ
വെച്ചപുകഴ്ത്തുമസ്സൌഭഗമേ,
നിന്നെത്തൊഴുന്നു ഞാൻ! നിന്നെത്തൊഴുന്നു ഞാൻ!
നിന്നിൽ നില്ക്കുന്നു പുമത്ഥസിദ്ധി.
ചാലേ നിൻ സന്നിധിയിങ്കൽത്തമസ്സിനു
പോലും കരിമുഖം പൊയ്പോകുന്നു;
തങ്ങളിലെന്തോ കഥിച്ചു കൺ ചിമ്മുന്ന
താരകൾ മങ്ങുന്നു താനേതന്നെ;
വെള്ളച്ചിരിയുമകത്തു കളങ്കവു-
മുള്ളൊന്നിനി നില്ക്കുമെത്രനേരം!
പാരിടമൊക്കെപ്പരിശുദ്ധമാക്കുന്നു
പാരിച്ച തേജസ്സുതന്നുദിപ്പോ,

ജീവിതപ്പോരിലിരുപുറം മുട്ടി ഞാ-
നാവതില്ലാതോരോ പാഴ്ച്ചുഴിയിൽ
ചെന്നു പെട്ടീടിന കണ്ണിന്നു മുന്നിൽ നീ
നിന്നു മൃദുസ്മിതം കൊൾവൂതാക!

ഹാ, ഹാ, മഹോത്സവം, ഹാ, ഹാ, മനോഹരം,
ദേഹികൾക്കൊക്കെ നിൻതൂവിലാസം!
ഉള്ളിൽ നിറഞ്ഞു ഞെരുങ്ങിയ നിശ്വാസ-
മുല്ലാസിവാർമണം വീശിടുന്നു;
വീർത്ത മുഖങ്ങൾതാനത്രമേൽപ്പുഞ്ചിരി-
ചാർത്തി വിളങ്ങുന്നു ചാരുഭംഗ്യാ;
ശീരടങ്ങിക്കിടന്നേടത്തതാ ജീവ-
സാരസംഗീതങ്ങളുൽഗ്ഗളിപ്പൂ;
കണ്ണുനീർത്തുള്ളികൾ പോലുമണിവൈര-
ക്കല്ലുകളായല്ലി കാണാകുന്നു?
ഓമൽപ്രഭാതമേ, നിൻപ്രസന്നാനന-
ത്തൂമലർ കണ്ടുലകാഹ്ലാദിപ്പൂ.
ലൌകികദുഃഖങ്ങളേല്ലാമെന്നുള്ളിൽ നി-
ന്നാകമ്രരൂപം ജയിപ്പൂതാക!

എത്രനാൾ ചെന്നിതീയ്യുഴിമാത്തുണ്ടായി-
ട്ടെ,ത്രയെന്തൊക്കെക്കഴിഞ്ഞുകൂടി!

## പ്രേമവികാസമേ, വെൽവൂതാക

അങ്ങുന്നു മൈ പുല്ലിനില്ലൊള്ളൊപൊളാകട്ടെ
തിങ്ങും പുതുമയെത്തേടിടുന്നു:
ക്കൂരിരുൾപ്പൂങ്കുഴൽ പിന്നിലതാ തഴ-
ച്ചേ,റിവരുന്നു മുഖപ്രസാദം;
ഓരോ പ്രദേശത്തും പാറിക്കളിയ്ക്കുന്നി-
താരോഗ്യസാമ്രാജ്യച്ചെങ്കൊടികൾ;
എന്തൊരുണ ച്ചയാണെന്തില്ല,മാഹ്ളാദാൽ-
പ്പൊന്തിത്തുളുമ്പുന്നു മാറിടങ്ങൾ.
പ്രായമില്ലൊന്നിനും പ്രായം മനസ്സിനെ-
ന്നായല്ലി ചൊൽവൂ വിഭാതമേ, നീ!
കാലമെന്നോമനത്തയ്യൽതൻ നെററിയിൽ-
ച്ചാലുകളിട്ടുവാൻ ചെല്ലുകലുണ്ടോ?
അല്ലവത്തും നീ തവാത്മാവാമാമൃതത്തെ-
യായതിലല്ലോ പൊഴിച്ചിരിപ്പൂ!

വെൽക നീ, വെൽക നീ, വന്ദ്യപ്രഭാതമേ!
ലോകസത്രൂപിതൻ പ്രേമവായ്പേ!

# ഞാൻ കണ്ട കുരുക്ഷേത്രം.

പേരാർന്ന ഭാരതമഹാകഥയിൽ പ്രശസ്ത-
വീരാഗ്രഗണ്യരുടെ പുണ്യപരാക്രമത്തെ
നാരായണൻ മുനിവരൻ വിവരിച്ചുവെച്ച-
താരാണു കോൾമയിർപെടാതെ പഠിച്ചിടുന്നു!

ലോകങ്ങൾ നോക്കുമതിൽ വെച്ചു—വിശിഷ്ടവീര-
ശ്രീകമ്രമാമടർനിലപ്പടുചാണയിന്മേൽ—
പാകത്തിലിബ്ഭുവനയോധരെ മാറ്റുരച്ചു-
സ്തോകദ്യുതിപ്പൊലിമയെക്കവി കാട്ടിടുന്നു.

ശ്രീഭീഷ്മർതൻ ദൃഢശമം, ഗുരുവിന്റെയുൾക്കുളർ,
ആഭീഷ്മമർക്കതനയന്റെ രണാവലേപം,
ഹാ, ഭീതിതേടിയ സുയോധനനുള്ള മാന,-
മാ ഭീമസേനനുടെ ബാഹുബലപ്രഭാവം,

കേമം കിരീടിയുടെ കീത്തിവളൎന്ന യുദ്ധ-
സാമത്ഥ്യ,മന്തകസുതന്റെ സുധൎമ്മബുദ്ധി,
ശ്രീമൽസുഭദ്രയുടെ കുഞ്ഞിനെഴും മിടുക്കു,-
ക്ഷാമം ഭടപ്രവരർതൻ പ്രഥനച്ചൊടിപ്പും,

എല്ലാററിലും തനതു കണ്ണെന്റാട്ടമൊന്നിലും താ-
നില്ലാതെയും വിലസുമപ്പുരുഷോത്തമന്റെ
വല്ലാത്ത ധീമികവുമോതിടുമപ്പുരാണ-
മല്ലാസഭീതികരുണാത്ഭുതഭക്തി ചേർപ്പൂ!

ഞാനപ്പുരാണകഥയിൽക്കരളൂന്നിയുംകൊ-
ണ്ടാനന്ദമാന്നൊരുദിനം നിശയിൽക്കിടന്നു;
മാനത്തെ നമ്മളുടെ മാതൃവസുന്ധരയ്ക്കു-
ന്യൂനം വളൎത്തുമതു വാണരുൾംകെന്നുമുള്ളിൽ!

ആമട്ടുറങ്ങി വളരെക്കഴിയുന്നതിൻമു-
മ്പാമഞ്ജുവാമൊരു വിമാനവരത്തിലേറി
ശ്രീമത്ത്വമേന്തുമൊരു മാന്യപുമാനൊടൊന്നി-
ച്ചീ മന്നുതൻ മുകൾംവഴിയ്ക്കു ഗമിയ്ക്കുയായ് ഞാൻ.

തങ്കത്തുടുപ്പുനിറം,മാ ർവിരിമാർവിരിപ്പാം
പൊൻകമ്പിയൊത്ത നെടുതാടി,യൊരൊത്തദേഹം,
എങ്കൽത്തെളിഞ്ഞ മുഖ,മിങ്ങിനെയപ്പുമാനു-
ണ്ടെൻകണ്ണുകാക്കെതിരിൽ മൌനവുമാന്നിരിപ്പു.

"ആരാണി,തേതൊരു മഹർഷി? നഭസ്സിലോട്ട-
മീ രാജമാനരഥമാരുടെയായിരിക്കാം?
ഹാ,രാജ്യമേതിതെ?—വിടെക്കു ഗമിപ്പു ഞാൻ?"—ഈ-
ത്തീരാത്ത ചിന്തകളെനിക്കു വളന്നു മേന്മേൽ.

ഈവണ്ണമൊട്ടു കഴിയെ സ്വയമപ്പുമാനെൻ
കൈ വന്നു തൊട്ടു 'വരികെ'ന്നൊരു സംജ്ഞ കാട്ടി;
ദൈവത്തെ നാമഖിലമെന്നതു പോലവേ,ഞാൻ
പാവക്കു തുല്യമവനെന്ന്യത്, പിന്തുടന്നു!

തേർ വിട്ടിറങ്ങിയൊരെനിക്കു ശരിക്കു മുമ്പി-
ലാവിർഭവിച്ചിതൊരു കാഴ്ച, മഹാവിചിത്രം!
ആ വിശ്വവീരർ കുരുപാണ്ഡവർ തമ്മിലേററ
ഭൂവിശ്രുതപ്പടനിലത്തിവനെത്തിയത്രേ.

ഞാനന്നിലസ്സുടലുടൻ മരവിച്ച മട്ട-
താനമ്പരന്നവിടെ നിന്നു കുറച്ചുനേരം;
ദീനതചമാനും നെടുവീർപ്പൊടു പിന്നു ഫാല-
സ്ഥലത്തു പററിയ വിയർപ്പുകളൊപ്പി മേന്മേൽ.

പാരിന്നലംകൃതികൾ, സൽഗുണരത്നജാലം
പൂരിച്ച ചെപ്പുകൾ, നമുക്കു മഹേശചരന്മാർ,
പേരിജ്ജഗത്തുകളിൽ വിങ്ങിയ പൂരുഷാഗ്ര്യ-
ന്മാരിക്കിടപ്പവർ — മനുഷ്യനു മേന്മയെന്തോ!

നില്പാതുയന്ന പല ചിന്തകളുള്ളിലല്പ-
മെല്ലാം നിലച്ചപൊഴുതത്ഭുതവായ്പൊടും ഞാൻ
എല്ലായ്പൊഴും തരമൊരാൾക്കു വരില്ലിതിന്നെ-
ന്നുല്ലാസമോടുമവിടത്തിൽ നടന്നു നോക്കി.

കണ്ണഞ്ചുമപ്പെരിയ പോക്കളമാകെ മുട്ടം-
വണ്ണം നിലാവൊളിനഭസ്സു ചുഴന്നുനില്പു;
'വിണ്ണശ്ശരീരനിര കാണരുതെന്നു വെള്ളി-
ക്കിണ്ണത്തിനാലതിനെയിശനടച്ചപോലെ.

ചേക്കുന്നു ഭീതിയെവനും, ചെറുതാററമില്ല,
ചീക്കുന്നു ചന്ദ്രികയിലെങ്ങുമതെന്നു തോന്നും—
പാക്കുള്ളിലൊയ്ക്കു വിധിയാൽക്കൃതമശ്രുവാങ്ങി-
യാക്കും നിനയ്ക്കിലതിദുസ്തരമായ്ക്കിടപ്പു.

കുന്നായുധന്റ രഥപംക്തി തകന്റു വീണ-
തൊന്നായ്ക്കിടപ്പു പല ചീത്ത ഗജങ്ങൾതന്മേൽ;
‘ഒന്നാണു നാമഖില’മെന്നു തുരംഗയൂഥം
തൻനാഥരൊത്തതിനുമേലു,മൊരേടമേവം;

തേർ മാത്രമാണൊരിടം, ആനകൾ മറെറാരേടം,
ആ മാതിരിയ്ക്കിവിടെ വാജികൾ, ഇങ്ങു കാലാൾ;—
‘നാമാകെയേകദിശി ചെന്നണവോർകളെ’ന്നായ്
പ്രേമാപ്തിയാലഖിലമൊത്താരുമിച്ചിരിപ്പു.

വില്ലു,ന്പു,വേൽ,പരിച,വാൾ,ഗദയെന്നു യുദ്ധ-
മല്ലക്കെഴും ശിതതരങ്ങൾ മഹായുധങ്ങൾ
അല്ലൽപ്പെട്ടംപടി നിണത്തിൽ മറഞ്ഞുകൊണ്ടൊ-
ട്ടല്ലങ്ങുമിങ്ങുമവിടെച്ചിതറിക്കിടപ്പു!

## ഞാൻ കണ്ട കുരുക്ഷേത്രം

ഈടുള്ള മെയ്ക്കവചമസ്ത്രശതം തറച്ചു-
മ്പാടും തുളഞ്ഞു, തനതായുധമിട്ടടുക്കൽ,
മൂടംനിണത്തൊടുടലിന്നു പലേ തരത്തിൽ-
ക്കേടറ്റ വീരഭടരിഞ്ഞു കിടന്നിടുന്നു.

കാലറ്റു, കയ്യുകൾ മുറിഞ്ഞു, ശിരസ്സുടഞ്ഞും,
കോലം നിറച്ച ശരപംക്തി തറച്ചിരുന്നും,
ശൂലം പിളർത്തിയ പരന്റെ വയറ്റിൽനിന്നു
മേലത്ര നീണ്ട കുടർമാലകൾ വീണടിഞ്ഞും,

വല്ലാതെ മാറിടമടർന്നടിയെല്ലുയർന്നും,
നില്ലാതെ ചാടിയ നിണപ്പുഴയിങ്കലാണ്ടും,
പല്ലാഞ്ഞുകോർത്തു മുഖമൊക്കെ ഞെരിഞ്ഞു,മെന്തെ-
ന്നില്ലാത്ത വേദനയിലന്ത്യശവം കടിച്ചും,

എല്ലാകുമെല്ലുമുഴവൻ തവിടായ്,മൂക്കൻ
തല്ലാൽച്ചതഞ്ഞു തനു നല്ലൊരു പിണ്ഡമായും,
എല്ലായിടത്തു,മൊരുവന്നൊരു നോക്കുകാണാ-
വല്ലാത്ത മാതിരി, കിടപ്പൂ ഭടാഗ്ര്യർ മേന്മേൽ.

(വിശേഷാ.ന.൧)

കന്താഗ്രമേറവുയിർവെടിഞ്ഞു മലച്ച വാജി-
തൻതാഴെ,വാൾപ്പിടി വിടാത്ത കരത്തെ നീട്ടി,
യന്താവൊരാളിഹ കമഴ്ന്നു കിടപ്പു—വീണ്ടും
പൊന്താത്ത മട്ടവനെയീശനടിച്ചമത്തി!

ഏററുഗ്രശസ്ത്രതതി തന്നുടെമേൽ മറിഞ്ഞു
പോററുന്നൊരാളതു ധരിച്ചുയിർപോയൊരശ്വം
നാററുന്നതിന്നു മുഖമങ്ങു തിരിച്ചുകാണ്മൂ:
മാററുന്നിതോ മരണവും മമതാബലത്തെ!

തൻതുണ്ടകാല്ക്കിടയിൽ വീണ പരൻറമേൽ,'കൈ
പൊന്തുവോ ഇനിയു'മെന്നു കടിച്ചുകൊണ്ടേ,
മുന്തും പടക്കുതിരയൊന്നിതു ചത്തുപോയി:
ജന്തുക്കൾതൻ പക സഹിക്കരുതാത്തതത്രേ!

കട്ടിത്തമേറിടുമിരിമ്പുശിരത്തലപ്പു
തട്ടിപ്പൊളിഞ്ഞു, പടുമസ്തകമസ്ഥി ചിന്നി,
കട്ടിപ്പനത്തടികളാമിരുകൊമ്പുമൂഴി-
ത്തട്ടിൽത്തറച്ചൊരു ഗജപ്രഭു ചത്തനില്പൂ.

ചത്താലുമെന്തിവനടുക്കവതൊന്നൊടെന്നായ്-
ത്തത്താദൃശപ്രതിഘനിങ്ങൊരു ഹസ്തിനാഥൻ
എത്താഴ്ക്കിലും നിജകിടപ്പിലുയൎന്ന കൊമ്പിൻ
കുത്താലൊരാനയുടെ വൻകുടർമാല ചോൎത്തു.

മെയ്യാകെയിങ്ങിനെ നിറച്ചരിശസ്ത്രമേററു,
വയ്യാതെ ചത്തു, ഗജമൊന്നു പുറത്തുവീണു;
ഇയ്യാനയിന്നിയുമൊരുത്തനെയമ്പ, തുമ്പി-
ക്കയ്യാൽപ്പിടിച്ച പിടി തീരെ വിടുന്നതില്ല!

ദന്തിപ്രമാണികൾ തുടുത്ത നിണത്തിലാഴ്ത്തി-
പ്പൊന്തിച്ച കൊമ്പുകളിടയ്ക്കു മുറിഞ്ഞപോലേ,
എന്തിക്കിടപ്പതു? കൊടിപ്പടലത്തെ വേണ്ട
പന്തിയ്ക്കുയൎത്തിയ മരങ്ങളൊടിഞ്ഞതാമോ?

കാററത്തടിഞ്ഞൊ,ലിനിണങ്ങളിൽ മുങ്ങി,മററും
മാറററുപോയി,ളകിടാതെ,യതാതിടത്തിൽ
ഏററം നൃപക്കൊടികൾ, ഹന്ത!കിടന്നിടുന്നു:
മാററത്തിനിങ്ങടിപെടാത്ത മഹത്ത്വമില്ല.

താവൽത്തകന്നൊരു രഥക്കഷണങ്ങൾതന്മേൽ-
പ്പാവം! മരിച്ചിഹ കിടപ്പവർ സൂതരാവാം!
ജീവസ്സുപോയവയിലും പ്രിയമേറിവന്നാ-
ലേവൎക്കുമായവ വിടുന്നതസഹ്യമല്ലോ!

നില്ക്കട്ടെ,യാരിതു?മനോഹരമാം മുഖത്തൊ-
രക്പ്രകാശഭരമിപ്പൊഴുമുജ്ജ്വലിപ്പൂ;
നൽക്കുട്ടിക്കൂടുമുടൽ മൂടിയ ചട്ട ചാൎത്തു-
മിക്കമ്രരത്നമൊരു ഭൂപനിതെന്നു ചൊൽവൂ.

പുല്ലാണു പൂരുഷനു പോൎമൃതിയെന്നു ചൊല്ലു-
മുല്ലാസകാരി മൃദുപുഞ്ചിരിയുണ്ടു ചുണ്ടിൽ;
നല്ലാത്മചാപമരികത്തു വിളങ്ങിടുന്നി-
തെ;—ല്ലാം നിനക്കിലിതൊരുജ്ജിതനായ വീരൻ.

ആരാണിതെന്നു നിരുപിച്ചിടുമെന്നൊടപ്പോ-
ളാരാലെഴുന്ന മുനി, "കൎണ്ണനിതെ"ന്നു ചൊന്നാൻ:
ഹാ, രാജമാനസുയശസ്സെഴുമപ്പുമാനിൽ-
ത്തീരാത്ത ഭക്തിബഹുമാനമെഴുന്നവൻ ഞാൻ.

"വീരക്കു വീര,നതിമാത്രമുദാരശീലൻ,-
നീരന്ധ്രപൌരുഷപയോനിധി, സത്യസന്ധൻ;
ആരങ്ങയോടു ശരി? ധർമ്മപഥത്തിൽനിന്നു
തോരസ്സു കാൽ പതറിടാത്ത പുമാൻ ഭവാൻതാൻ!

എന്നാലുമാളുകൾ ഭവാനഭിമാനമേറ്റ-
മെന്നായ് പുലമ്പുവതിലത്ഭുതമെന്തിനിപ്പോൾ?
അന്നാമമേ ഹൃദി മറന്നടിമത്തരം ന-
ന്നെന്നായ സാധുജനമല്ലി തവാനുജന്മാർ?

ഭൂവിൽക്കിഴിഞ്ഞ നില ചേർന്നിടുമിന്ത്യ ധർമ്മാ-
ധ്വാവിൽച്ചരിച്ചു തനതാസ്തി വിടാതെ വീണ്ടും
ആ വിശ്വവന്ദ്യപദമാർന്നു ഭവാനെയുള്ളിൽ
ബ്ഭാവിച്ചുയർന്നിടുവതിൽക്കനിയട്ടെ ദൈവം."

ഈമട്ടു ഞാൻ പലതുമുള്ളിൽ നിനച്ചുകൊണ്ട-
ക്ഷാമപ്രഹർഷമൊടു മറ്റൊരിടത്തു ചെന്നേൻ—
ഹാ, മന്നിലാരിതടരെന്നൊരു വസ്തു തീർത്തു?
നാമപ്പുമാൻെറ ജനിയെത്ര ശപിയ്ക്കിലാവും!

ആരാൽക്കിടപ്പു സുകുമാരശരീരരേറെ-
പ്പേരാടലാക്കുമുളവാംവിധമങ്ങുമിങ്ങും;
വീരാതിവീരനൊരു സുന്ദരനണ്ടുറങ്ങും
നാരായണന്നു ശരി തത്ര ശയിച്ചിടുന്നു!

ഓമന്മുഖത്തരിജനം തൃണമെന്നു ചൊല്ലു-
മാമട്ടിലപ്പൊഴുതുമുണ്ടൊരുദാരഭാവം;
ഹാ,മന്നിലെപ്പൊടി പുരണ്ടെഴമാവപുസ്സിൽ
പ്രേമം വളർത്തുമൊരു സൌഭഗമുല്ലസിപ്പൂ!

സാഹന്തരായ്പ്പല മഹാരഥർ ചേൎന്ന പത്മ-
വ്യൂഹം തനിച്ചു വിമഥിച്ചൊരു കൊച്ചുവീരൻ
ആഹന്ത, പാർത്ഥസുതനാമഭിമന്യുവാണി-
ദ്ദേഹം!— ചതിപ്പുണിയിലാക്കടിതെറുകില്ല!

*  *  *  *  *  *  *

*  *  *  *  *  *  *

---

# "പ്രാണനും പ്രാണൻ."

(മഞ്ജരി)

I

എൻകൊച്ചുകൈപ്പിടിയ്ക്കുള്ളിലടങ്ങുമി-
ത്തങ്കക്കുടത്തെ ബ്രഹ്മാണ്ഡമാക്കി
വീണ്ടുമെൻകയ്യിലൊതുക്കിത്തരുന്നു, ഹാ,
നീണ്ടുനില്ക്കുന്ന നിന്നിന്ദ്രജാലം!

ഇമ്മറ നീങ്ങിയൊന്നങ്ങയെക്കാണുമനോ,
നിർമ്മലനിഷ്കളപ്രേമമേ, ഞാൻ!

II

പുൽകളെപ്പുൽകിനിന്നാഴി നഭസ്സണി-
ക്കൽകളിൽച്ചേർക്കുന്ന ദീർഘനോട്ടം;
വെൺതലപ്പാവൊത്ത കുന്നിനെപ്പാത്താഴി-
തൻതിരയ്ക്കോലുന്ന മന്ദഹാസം;
ദിങ്മുഖത്തിങ്കലേ മൂടൽ കണ്ടാർദ്രമാ-

മംബുജം തേടും വിവണ്ണഭാവം;
വാനിൽപ്പറന്നിന്നുനീലപ്പൊടികളെ
വാരിക്കൂട്ടുന്ന വൻനിശ്വാസംതാൻ
മുക്കിലെ മുൾച്ചെടിതൻമുടിയെങ്ങാനും
ചിക്കുമ്പോൾ കൈക്കൊള്ളും നമ്രദ്ധത്വം;
മൂടും കരിമ്പടം നീങ്ങിത്തെളിഞ്ഞു ചാ-
ഞ്ചാട്ടമിളംപൂവിൻ പൊൻകുമ്പിളിൽ
ഓമൽത്തേൻ തൂകുന്നൊരുല്ലാസലക്ഷ്മിതൻ
കോമളഗണ്ഡത്തുടപ്പുവണ്ണം;
നിഷ്ഠുരവെയിലിന്നു നേരിട്ടു കാണിയ്ക്കും
നിമ്നഗാനെഞ്ചിൻെറ നിശ്ചലത്വം;—
ഈവകസ്സർവ്വമനോജ്ഞപദാർത്ഥവും
താവകരൂപത്തിൻ തൂനിഴൽ പോൽ!

പൂഴിത്തരിയെച്ചുവുട്ടുമ്പോൾപ്പോലുമ-
പ്പൂർണ്ണസൌഭാഗ്യത്തെപ്പൂണ്മനോ ഞാൻ!

III

ആപത്തുകൊണ്ടെങ്ങുമന്ധത വായ്പിയ്ക്കും
കോപക്കരുവാളിപ്പാണ്ടൊടവും,

ഉള്ളിലിടർക്കരിഞ്ചേറു കട്ടപ്പിടി-
ച്ചുള്ളോരു വാൎദ്ധക്യക്കൺകുഴിയും,
നീളെത്തെളിയുന്നു നിന്നല്പജ്യോതിസ്സിൻ
നാളത്താലാനന്ദദീപ്തമൂൎത്തേ!
കൊച്ചുതൃണങ്ങളെപ്പൊൻകുറി ചാൎത്തിപ്പും
സച്ഛകരങ്ങൾ നിൻസൂക്ഷ്മരൂപം
ഏതാണ്ടെഴുതിയും മാച്ചും,മഹോ, "നേതി
നേതി"വാക്യാൎത്ഥത്തെക്കാണിപ്പുന്നു!

അന്ധതമിസ്രവും നിൻതിരുമെയ്യാസ്സ-
ണ്ടന്തരാ കോൾമയിർക്കൊൾവനോ ഞാൻ!

IV

പാൎമ്മരക്കൂട്ടത്തെപ്പട്ടാട ചാററിപ്പൂ;
പാറപ്പുറങ്ങളെച്ചുംബിപ്പുന്നു;
വാനിനെപ്പൊൻനറുംകുങ്കുമം ചാൎത്തിപ്പൂ;
വാട്ടം ലതകളെത്താലോലിപ്പൂ;
കാററും കടക്കാത്തുറുങ്കിൽക്കളിപ്പുന്നു;
ചീററുന്ന ഖഡ്ഗത്തിൻ മുമ്പിൽ നില്പൂ;
ചൂളം നദികൾക്കു തള്ളലുണ്ടാക്കുന്നു;

ചൂടററ വെയിലിൻ ചൂണ്ട കെട്ടപ്പൂ;—
ഹാ, ലോകസംഗ്രഹകാരികളല്ലോ നിൻ
ലീലാവിലാസങ്ങൾ ശാശ്വതങ്ങൾ!

രാവും പകലുമാംശ്വാസനിശ്വാസങ്ങൾ
താവുമിപ്പാരിൽ ഞാൻ ചെയ്യതെല്ലാം
പ്രാണനും പ്രാണനാമങ്ങയ്ക്കു പൂജന-
മാണെന്നനുഭവം തോന്നാവൂ മേ.

തങ്കത്താരൊത്ത കൈകൊണ്ടൊരു വിരുതി-
ലഴിച്ചിട്ട കാർക്കുന്തലാൽത്തൂ-
ക്കൊങ്കപ്പൊൻചെപ്പുതന്മേൽ വികചകുവലയ-
പ്പൂനൊട്ടംമാല ചാത്തി,
എങ്കൽച്ഛായയും കടാക്ഷത്തൊടു തുടുകവിളിൽ-
ത്തുവിയല്പും പൊടിഞ്ഞെൻ
മങ്കത്തയ്യന്നിരുന്നോരകമലിയുമിരി-
പ്പാണപാസിപ്പതീ ഞാൻ!

## ഹിതകാരിത്വം.

"ഇതരന്നുയിർ ഞാനെടുക്കയോ?
ഇതരൻതാനിവനെത്തുലയ്ക്കയോ?"
ബത, നാമിതു നോക്കിനില്ക്കവേ,
ഹിതകാരിയ്ക്കിള കീഴ്പെടുന്നതേ.

ഒരുപാടു സുഖങ്ങൾ തങ്കൽ വ-
ന്നൊരുമിച്ചാൽ മതി തോന്നിടാത്തവൻ,
പുരുസങ്കടമന്യനേറവാൻ
പൊരുതുന്നു മനുജൻ, കടപ്പമേ!

മതി യുദ്ധം; ഇതേവരെപ്പരൻ
ക്ഷതിയേല്ക്കുന്നതിനായ്ക്കൊതിച്ച നാം
ഗതികെട്ടുകഴിഞ്ഞു: മററുമ-
ന്നതിയിങ്ങന്യഹിതൈഷികൾക്കതാൻ.

ഇതരന്നിടരെത്രമേലുമി-
ങ്ങുതകാൻ കാട്ടുമൃഗങ്ങൾ പോരുമേ;
നിതരാം മനുജന്നു ചേർന്നതി
ഹിതകാരിത്വമനുത്തമം ഗുണം.

ഉലകൊക്കെയുമൊന്നുതന്നെയായി
നില തോന്നുന്നതു തോന്നൽ മാത്രമേ;
അല,മന്ന്യന്നു പീഡ ചെയ്‌വതിൻ
ഫലമാത്മാവിന്നു വന്നുകാണ്മു നാം!

പരമുക്തി നമുക്കു കിട്ടുവാൻ
പരമാത്മാവെവനസ്വതന്ത്രനായ്,
പരപീഡനതൽപരങ്കലാ-
പ്പരമേശൻ ഭവുകം വരുത്തുമോ?

ഉടലിന്നെഴുമേതു ഭാഗവും
സ്ഫുടമന്ന്യോന്ന്യഹിതൈകവർത്തിതാൻ;
തടവററതുമൊത്തു വാണ നാ-
മിടരന്ന്യന്നരുളുന്നതത്ഭുതം!

തനതാഗ്രഹമേ നിവൃത്തിയേ-
തനഘൻ ലോകഹിതം നടത്തുമോ,
ജനതയ്ക്കവനീശ്വരൻ—വൃഥാ
കനകം ചാർത്തിയിരിപ്പു ഭൂമിപൻ.

"പരനന്മയില്ലുള്ളൃമിപ്പവ-
ക്രപേറും പദമിങ്ങു കൈവരും"—
ചിരമിങ്ങൊരു കാഴ്ച കാട്ടിയി-
ബ് ഭരതക്ഷോണി, സുപുണ്യശാലിനി!

ഒരു കാട്ടുപുലിക്കു താങ്ങുവാ-
നരുതാത്തുള്ള വിശപ്പു കാൺകയാൽ
തിരുമെയ്യതിനാരശിപ്പതി-
ന്നരുളീ, ബുദ്ധനവൻ ജയിപ്പതേ!

ഒരുവന്നുപകാരമററഴൽ-
പ്പെരുമക്കടൽ പേറിയിന്നു നാം
മരുവുന്നു, മഹർഷിമാർ ജനി-
ച്ചൊരു പുണ്യാവനി കൺനിറക്കുവാൻ.

ഭുവനൈകഹിതത്തെ നോക്കി വാ-
ണവർ പൂജ്യത്വമെടുത്തു പൂർവികർ;
അവശം പരദാസരായി നാം,
ശിവനേ, സ്വാർത്ഥപരത്വമേറിയോർ!

പണമെന്തിനു, വിദ്യയെന്തിനു,ൽ-
ബണമുക്കെന്തിനു മൂർഖനോക്കുകിൽ?
ഗുണമന്യഹിതപ്രവൃത്തനാ-
വണമെന്നേ ഫലഹേതുവാവതു.

സ്ഥിരമല്ലിഹ ജീവിതം; ദൃഢം
മരണം, ഹന്ത, ജനിച്ചൊരേവനും:
പരനുററഹിതങ്ങൾ ചെയ്തു നാം
പരസൌഖ്യത്തെ യെടുക്കയുള്ള നാൾ.

പരനുടെ ഹിതമെന്തൊന്നായതാവുന്നവണ്ണം
പരമസുഖമനുഷ്ഠിച്ചുത്തമസ്ഥാനമേറി
വരമുനികൾ പിറന്നുള്ളിന്ത്യ, നി നിൻെറ ലോകോ-
ത്തരമഹിമ വളർത്തിക്കാട്ടി വീണ്ടും ജയിയ്ക്കു!

## ഓണക്കാഴ്ച.

(മഞ്ജരി)

ഓണമായോണമായെന്ന പഴമൊഴി
കാണുന്നു കാലച്ചുരുളിൽ വീണ്ടും:
ആവശ്യമെന്തോ സമസ്തവും ലോകത്തി-
നാവത്തിയ്ക്കോണമെന്നായിരിയ്ക്കാം.
അല്ലെങ്കിൽ നമ്മൾതൻ കീത്തനം കേൾക്കുവാ-
നല്ലല്ലോ വീണ്ടുമുദിപ്പു സൂര്യൻ!

മണ്ണിൻെറ പച്ചപ്പുൽപ്പട്ടു കണ്ടുണ്ടായ
വിണ്ണിൻകരിമുഖമെങ്ങു പോയി?
നേരേമറിച്ചു,തിൻപ്രേമപ്രകാശങ്ങൾ
താരങ്ങളായി മുളച്ചു രാവിൽ
ചുംബനംചെയ്കയായ്യുന്മുഖീഭൂതമാം
നമ്മുടെയാമ്പലപ്പൂനിരയെ.
വാഴപ്പഴങ്ങൾതൻ വണ്ണമെടുത്തെത്ര
വാഴുന്നു വാസരം സന്ധ്യതോറും.
അങ്ങിങ്ങു വാനിടത്താരോ പരത്തിയ
പിംഗളവണ്ണമാം മേഘവൃന്ദം.

മുററും പകന്നിതാ കാണുന്നു, പൂന്നെല്ല്
മുററത്തുണങ്ങുവാനിട്ടതായി.
മാറുകെന്നാത്തു കയത്ത പുഴയുണ്ടു
തീരത്തെത്തൊട്ടു തലോടിടുന്നു;
അങ്ങുള്ള വൃക്ഷലതാദികളാററിനോ
ഭംഗിയും പ്രൌഢിയുമേററിതാനും.
ചെററക്കുടിലിലും കൊട്ടാരക്കെട്ടിലു-
മൊററപ്പരിചൊടേ വാണരുളി
നിഷ്കാമപൂജനമേല്ക്കുന്നു വിശേഷശൻ,
തൃക്കാക്കരെയപ്പനെന്ന പേരിൽ.
കേരളഭൂഖണ്ഡമൊക്കെയുമൊന്നിച്ചി-
ന്നാറാടിനില്ക്കുന്നിതാഹ്ളാദത്തിൽ.
എന്നാലിന്നൈസർഗ്ഗികാഖണ്ഡസൌഭാഗ്യം
നന്നായ് നുകരുവാൻ കണ്ണെവിടെ?

മുററുമപാരതയേയും താനിട്ടൊരു
ചുററിലൊതുങ്ങിത്താൻ കണ്ട കണ്ണേ,
വേലിവരമ്പാൽപ്പകുത്ത നിലത്തല്ലോ
വേണ്ടൂ കൃഷിപ്പണി നിൻനോട്ടത്തിൽ.
തൻപിടിയ്ക്കുള്ളിലൊതുങ്ങണം ബ്രഹ്മാണ്ഡം;
സമ്പൂർണ്ണകാമനാണെന്നു മർത്ത്യൻ.

അക്കൈവിരൽപ്പാടെങ്ങുണ്ടതു വൈകുണ്ഠം;
ദുഃഖവും സഹ്യമാ മുദ്രവെച്ചാൽ.
എൻെറയാണീശ്വരൻ — ആധ്യാത്മികാഗമ-
മെന്തുമിപ്പൊൻചെപ്പിലിട്ടു പൂട്ടി
കാവലായ് നില്ക്കുന്ന മാനുഷബുദ്ധിയെ-
ക്കേവലത്വത്തിനും തൊട്ടുകൂടാ.
അപ്പുതൻ പൂക്കളുമഗ്ര്യതാരങ്ങളു-
മൊപ്പം രമിച്ച മടിത്തടമേ,
ഏകത്വമാനന്ദമെന്ന തത്ത്വത്തിനു-
ള്ളേകദൃഷ്ടാന്തമാമോണനാളേ,
അങ്ങയ്ക്കനുഗ്രഹപാത്രങ്ങളോ, ഹന്ത,
ഞങ്ങൾ വിഭിന്നതാരാധകന്മാർ!

അല്ലെങ്കിലന്ധതമിസ്രത്തെയാദിത്യ-
നാക്കിയ ചക്രത്തിരിച്ചലിൻെറ —
ഒററമണൽത്തരിയാലെയി ബ്രഹ്മാണ്ഡ-
മൊട്ടുക്കിളക്കിടും വൻചെപ്പിൻെറ —
മറെറാരു രൂപംതാൻ സ്വാത്മമാംസ്വർഗ്ഗത്തിൽ
മർത്ത്യരെയെത്തിച്ച കാൽത്തളപ്പും!

## എങ്കിലും.

(മഞ്ജരി)

I

അമ്മ മടിയിൽ വെച്ചൊന്നു ചിരിയ്ക്കുകെ-
ന്നമ്മവെച്ചെത്രയും കൊഞ്ചിക്കൊഞ്ചി
പിഞ്ചുകരങ്ങളാൽ 'ത്തപ്പുകൊട്ടി' ച്ചതു-
ണ്ടെൻചരിത്രത്തിലൊരദ്ധ്യായത്തിൽ!
ഇന്നു ഞാൻ കാണുന്നതെന്തും കരിമുഖം;
ഒന്നുമില്ലെന്നെയാശ്വസ്തനാക്കാൻ—
എന്തോ വെറും മൂടലാമമ്മുകറുമ്പ് ഭാഗ-
മെന്റെ നേക്കൊട്ടൊട്ടിളിച്ചുകാട്ടും!
കുട്ടികളാദ്യമായ് പെററുവീഴുമ്പൊഴേ
പൊട്ടിക്കരയുവതെത്ര സാർത്ഥം:
ബാഢം,മാരോദനം മാനുഷജീവിത-
നാടകത്തിന്നുള്ള നാന്ദീഗാനം!
ഞാനിച്ചവുട്ടുന്ന കല്ലിൻമുനകളാം
വാനിൻ നവരത്നരോചിസ്സുകൾ;
ജീവിതച്ചൂളയിലാളിടും തീജ്ജ്വാല-
യാവാമമരത്വമുദ്ര നമ്മിൽ;—

ശോകമാകും വളം വെച്ചുകിട്ടിടണം
ലോകമേ, നിൻെറ വളച്ചയ്യ്ക്കെന്നോ!
ആവട്ടെ, ഭാവിയിലുണ്ടുഷസ്സെങ്കിലു-
മീ വരും കൂരിരുട്ടെത്ര ഘോരം!

എങ്കിലുമിങ്ങൊരു പൂഴിത്തരിയുമി-
ല്ലെൻകരളൊട്ടിപ്പിടിച്ചിടാതെ;
പേമുറയിട്ടും ഞാൻ കെട്ടിപ്പുണരാതി-
ല്ലീ മണ്ണിലിന്നു നിഴൽപ്പാടൊന്നും!

II

വമ്പാന്ന കാലഭേദത്തിൻ കളിത്തല്ലി-
ലെൻഭാനുചന്ദ്രർ തെറിച്ചുപോകെ,
ഉത്തമസ്സാമെൻമനസ്സിൻ പകപ്പുപോ-
ലസ്തമിയ്ക്കുാസ്സന്ധ്യയെങ്ങുമേല്ക്കേ,
മന്നിനാൽക്കേവലം തള്ളപ്പെട്ടുള്ള ഞാ-
നെന്നിൽത്തിരിച്ചുവന്നെത്തി വീണ്ടും
എൻചുടുചോര പേത്തിററിറുവീണൊര-
സ്സുഞ്ചാരമാർഗ്ഗത്തെസ്സംസ്മരിക്കേ,
ഓരോ കരിങ്കൽറംറുങ്ങുമെൻകണ്ണുകൾ-

ക്കോരോ മഹേശ്വരലിംഗമായി!
പുല്ലിൻകൊടികളോരോന്നുമെന്നുള്ളില-
ക്കല്യാണകൃഷ്ണൻെറ മെയ്‌വടിവായ്!
ദുഃഖമേ, നിന്റെയങ്ങു തൃക്കഴൽ ചേർപ്പത-
ങ്ങൊക്കെയും ശ്രീകോവിൽതന്നെയല്ലോ!
നിന്മുമ്പിലെത്തിയ നെഞ്ചിൽപ്പതിയുന്നു
നിർവ്വാണത്താമരമൊട്ടു താനേ!

എങ്കിലുമമ്പലംതന്നിലേ താമസ-
മെന്നാകുവാൻ മമ തോന്നുന്നില്ല;
തേവിടിപ്പെണ്ണിൻെറ മെത്തയും വെയിലെരി-
പ്പാഴ്‌വെണ്മണൽപ്പരപ്പായിട്ടില്ല.

III

നഗ്നങ്ങളായാലും പൊൻചെരിപ്പിട്ടാലും
വെയ്ക്കുന്ന കാൽകളിൽ മുള്ളുകൊൾകെ,
ഉന്തുന്നു പിന്നെയും പിന്നെയും പിന്നിൽനി-
ന്നെന്തോ വിമോഹമൊന്നിജ്ജനത്തെ!
കണ്ണുനീർ വീണു കുതിർന്ന കാൽവെപ്പുകൾ
മണ്ണിലെഴുതാണ്ടുപോയ്ക്കൊണ്ടിരിക്കേ,

## എങ്കിലും

മുമ്പിലുണ്ടെന്തോ മഹാമേരുവെന്നു ഞാൻ
പിമ്പോട്ടു നോക്കാതെ പാഞ്ഞിടുന്നു!
പൊട്ടിക്കരയലാണാരംഭമാ വീഴ്ച-
മുട്ടലവസാനമീവിധത്തിൽ,
ചെന്നെടത്തേതാണ്ടു പിന്നെയും ചെന്നിടും
ദുർന്നിവാരമൊരു ദീർഘയാനം,
ചക്രവാളാന്തരത്തമ്പുമടിച്ചുകൊ-
ണ്ടി,ക്കണ്ടനാളൊക്കെ ഞാൻ നടത്തി—
പൊട്ടിച്ചിരിയൊട്ടു കൂടിയാൽക്കണ്ണുനീർ
പൊട്ടിയിട്ടല്ലാതെ കണ്ടതില്ല;
തങ്കത്തുടുപ്പു തെളിയുന്ന സന്ധ്യപോവ്
പങ്കിലമാകാതിരിയ്ക്കുയില്ല.

എങ്കിലും കാലത്തൊടെന്നുടെ വാദമ-
ത്തിങ്കളീയല്ലിലാണെന്നുതന്നെ;
എപ്പോഴായാലും വിണ്ണിങ്ങുതാനിട്ടേച്ചാ-
ണൽപ്പതിച്ചീടുകെന്നന്ത്യശപാസം!

---

പൂമങ്കയ്ക്കുററ പൂമച്ചക, മഴകിനല-
ങ്കാര, മിപ്പാരടക്കും
കാമന്നുൽക്കൃഷ്ടബാണം, പുകൾപെരുകിന സ-
ദ്വാസനാവാസഗേഹം,
ഓമൽച്ചെന്താമരപ്പൂ;—വിതു വിബുധജനാ-
രാധ്യമാം രാജഹംസ-
സ്തോമത്താലർത്ഥ്യമത്രേ; പ്രണയലഹരിതാ-
നിർഭ്രമം ഭൃംഗമേ, തേ.

## എന്റെ സുഖം.

(പാന)

ഞാനൊരാളുണ്ടു നിർഭാഗ്യനെന്നതെൻ
ദീനനേത്രങ്ങൾ കണ്ടു പിടിയ്ക്കട്ടേ—
കാലചക്രം തിരിയുന്നതിയൊരു
കാര്യസിദ്ധിയ്ക്കു വേണ്ടിയാണെങ്കിലോ,
പോരും പോരുമതെന്നൊരു പുഞ്ചിരി-
പോലെയെൻ തലരോമം നരയ്ക്കുന്നു!
ശാശ്വതതത്വത്തെയോരോ ക്ഷണത്തിലും
ചേർത്തടക്കിപ്പിടിയ്ക്കുന്ന വേലയാൽ
കൈപ്പടങ്ങൾ മേ ചുക്കിച്ചുളിയുമ്പൊ-
ളിപ്രപഞ്ചപ്പിടുത്തം മുറുകയാം!
ആരുമില്ലൊരാളേററെടുക്കാനിനി-
പ്പാരിലെൻപരിരംഭമെന്നാകുമ്പോൾ
അത്രമേലതു വിസ്തൃതമാകയാ-
ണി,ത്രിലോകവുമുള്ളിൽപ്പെടുംവിധം.
കണ്ണിൻമുമ്പിൽച്ചൊരിഞ്ഞിടും പൊൻപണം,
കണ്ട മാത്രയ്ക്കു കൊണ്ടുനടന്നിടും—
നാളുകൾക്കിതേ ജോലി; എൻ കാഴ്ചയോ

നീളുകതന്നെ പിന്നെയും പിന്നെയും!
എന്തിനേറെപ്പറയുന്നു, ദുർവിധി
ബന്ധുവാമെനിയ്ക്കൊട്ടുനാൾകൊണ്ടെന്നോ?
പിന്തിരിഞ്ഞു നോക്കുമ്പൊഴെൻ നാവൊട്ടും
പൊന്തിടുന്നില്ലതിനെസ്സ്തുതിയ്ക്കുവാൻ.
മണ്ണടിഞ്ഞൊരു വിത്തു മുളച്ചുണ്ടാം-
വണ്ണമെന്തും നിലക്കൊള്ളുമൂഴിയിൽ—
കൂട്ടിമുട്ടും തമസ്സിങ്കൽനിന്നുദ്ധ-
ക്കൂട്ടമുണ്ടാകുമന്തരിക്ഷാന്തരേ—
എത്രയേറെ വിട്ടോട്ടുന്നുവോ പക-
ലത്രയത്ര വന്നിങ്ങോട്ടടുക്കതാൻ!

ഈ വിചാരങ്ങൾ ചെന്നു പതിഞ്ഞതോ
വ്യോമവിൽ മിന്നുന്ന പൊന്നിൻകുറിപ്പുകൾ!
താരകങ്ങളേ, നിങ്ങളിലോരോന്നും
പാരിനൊപ്പമുള്ളോരോ പ്രപഞ്ചമോ?
ഈവിധം ഭവാന്മാരിലുമാരാനും
ഭൂവിതിൻ ഭംഗി കണ്ടു രസിയ്ക്കുന്നോ?
വെൽക, വെൽക, തമസ്സേ, ജഗത്തുകൾ-
ക്കാകെയങ്ങുതാൻ തേജസ്സരുളുന്നു!
വെള്ളയാമൊരു പൂച്ചിൽ മയങ്ങുമി-

യ്യുള്ളവരറിവീല നിൻപ്രാഭവം.
ഗാനകേളികളെന്തിന?–ല്ലിന്നെഴം
മൌനശീലമേ പൂൎണ്ണതതൻഗ്ഗുണം!
വീണ്ടും വീണ്ടുമപ്പൂൎണ്ണതയിങ്കലേ–
യ്ക്കാണ്ട കണ്ണുമിതങ്ങും നുകൎന്നതേ:—
“എത്രകണ്ടിരുൾക്കൊള്ളാമൊരല്ലിലെ–
ന്നദ്ദിഗന്തത്തെ നേക്കറിയിയ്ക്കണം—
കാലചക്രം തിരിയുന്നതിയൊരു
കാൎയ്യസിദ്ധിയ്ക്കു വേണ്ടിയാണെങ്കിലോ,
പോരും പോരുമതെന്നൊരു പുഞ്ചിരി
പോലെ വെണ്മപ്പെട്ടന്നിതു വാനിടം.”

സത്യമെന്നതിൻ മംഗളരൂപമ–
ണ്ടിദ്ധരയിലും പാഴ്നിഴലെന്നിയേ:
കൂരിരുട്ടിന്നുദിയ്ക്കും പ്രസാദമി–
ങ്ങേറിയേറി പ്രഭാതമായ്ത്തീരുന്നു!

ചാട്ടകുന്തങ്ങൾ ചുററും നിരന്നവ–
ന്നാട്ടവിദ്യകൾ താനേ പഠിയുന്നു;
മൎത്ത്യജന്മത്തിനുള്ളിൽക്കിടപ്പുണ്ടി
സ്സത്യദിവ്യതയെങ്കിൽസ്സുഖിതൻ ഞാൻ.

---

# നിസ്സാരം.

(മഞ്ജരി)

## I.

കല്ലോലമാലയിൽ—ആരുടെ ലീലയോ?—
വെള്ളാരങ്കല്ലൊന്നു വന്നു വീണു.
വാരുററ തൃക്കൈതാൻ മററുള്ളവയൊത്തു
വാരിക്കരയ്ക്കിട്ടുള്ളൊന്നാണിതും.
അത്രമേലക്കന്റെ ചുംബനത്താൽത്തെളി-
മുത്തായ്ക്കിടക്കയി മുഗ്ധവസ്തു
മുത്തുചിപ്പിയ്ക്കുള്ളി,ലന്ധതമിസ്രത്തി,-
ലെത്തുവാനേറെക്കൊതിയ്ക്കയാലോ,
വീണ്ടുമഗാധത്തി,ലാഴമളന്നള-
ന്നാണ്ടുതുടങ്ങിയതാം;—ക്കറിയാം!
സ്വൈരമായ് നിശ്ചിതസ്ഥാനത്തു നില്ക്കുന്ന
താരങ്ങൾ കണ്ടിരിയ്ക്കുന്നു രണ്ടും.
അല്ലെങ്കിലദ്ദീപ്തഗോളങ്ങൾ മററുമി-
ക്കല്ലിന്റെ രൂപാന്തരങ്ങളാമോ?
സർവംവിഴുങ്ങിയാം ശൂന്യതയിങ്കലി-

## 11

വെൽക നീ, വെൽക നീ, നിസ്സാരഭാവമേ,
ലോകത്തിൽ മേന്മകൾക്കാധാരമേ!
നഗ്നതയെന്നൊന്നു മൂലമായല്ലയോ
നൽപ്പട്ടുടുപ്പു വിലപ്പെടുന്നു?
വിജ്ഞാനത്തിന്നു വിശിഷ്ടത കിട്ടുന്ന-
തജ്ഞാനത്തിന്റെ കൈവേലയാൽത്താൻ.
എന്തൊരു ദീപ്തിയും മിന്നേണമെങ്കിലി-
യന്ധകാരത്തട പിന്നിൽ വേണം.
വെൽക നീ, വെൽക നീ, നിസ്സാരഭാവമേ,
ലോകത്തിൽ മേന്മകൾക്കാധാരമേ!

അല്ലെങ്കിലീയൊരു മൺതരി ചേർന്നു നി-
ന്നില്ലെങ്കിലെങ്ങുവാൻ ബ്രഹ്മാണ്ഡവും?
കെല്പററതെങ്കിലുമെൻകയ്യും ചെല്ലാഞ്ഞി-
ലപ്പോഴേ നിശ്ചലം കാലചക്രം!

സ്സംശയം പിന്നെയുമിട്ടു പാഴിൽ;
ബാലകൻ ഞാൻ വിശ്വരൂപിണിതന്നുടു-
ചേലയിൽ വീണ്ടും പിടിച്ചുതൂങ്ങി!

ഒച്ചയുണ്ടായില്ല, നക്കമുണ്ടായില്ലൊ,-
രൊററക്കുമിളയും പൊങ്ങിയില്ല;
ഇപ്പുരമാണരവേ സ്വാഗതം ചെയ്യുവാൻ
നില്പതാരാണിങ്ങപാരതയോ?
ഇച്ഛയാ തെന്നല്ലു താരാട്ടുവാനൊരു
കൊച്ചലയേയും ജനിപ്പിയ്ക്കാതെ,
കണ്ണിൽപ്പെടാവുന്ന മണ്ഡലമില്ലാതെ,
വിണ്ണും നരകവുമൊന്നിച്ചേരാതെ,
പുല്ക്കൊടിച്ചാർത്തിന്നുമാവശ്യമില്ലാതെ,-
യക്കൊട്ടും കാററിലും പെട്ടിടാതെ,
ഷ്യങ്ങുനിന്നൊന്നുമെങ്ങോട്ടെന്നുമില്ലാതെ,-
യെന്തിനാണെന്നുമറിഞ്ഞിടാതെ,
നിസ്സാരജീവിതാവസ്ഥയെക്കാട്ടിക്കൊ-
ണ്ടിസ്സന്ധ്യ കീഴ്പോട്ടു പോയിടുന്നു.

കാലത്താത്തിരുവാതിരക്കളി കഴി-
ഞ്ഞെത്തും വിമുഗ്ദ്ധാക്ഷിതൻ
ബാലപ്പൂമ്മൃദുമേനിയിൽപ്പരിമളം
ക്കൂട്ടും കുറിക്കൂട്ടിനാൽ
ചേലഞ്ചും പുളകാങ്കുരാംബരമണ-
ച്ചാത്തേമശുരൻ തൻകര-
ത്താലങ്ങിങ്ങു കുറിച്ച ചിത്രരചനോ-
ത്സാഹം ജനിക്കേണമേ!